


സൊഡാലിറ്റി ഒഫീസിന്റെ

ദ വിശദീകരണം

45 n.pa.

RKS
00
LORE
31
M COLLEGE
10
31

സൊഡാലിറ്റി ഒപ്പീസിന്റെ ഒരു വിശദീകരണം

14964

ഗ്രന്ഥകർത്താ:

റോബർട്ട്° ഇ. മാനിങ്ങ്° എസ്°. ജെ.

പരിഭാഷകർ:

വാംഗളൂർ "ധർമ്മാരാം" കോളേജ° വിദ്യാർത്ഥികൾ.

[ഇതിയ ഒപ്പീസിന്റെ ഈ വിവരണത്തിൽ ഉപയോഗിച്ചിരിക്കുന്ന പരിഭാഷ 'കൺഫ്രേർസ° വർക്കു' പ്രസിദ്ധീകരിച്ച ടിനൃ സൊഡാലിറ്റി മാനുവലിൽ കാണുന്നതാണു°. എന്നാൽ ഇതിയ ഒപ്പീസിന്റെ അംഗീകൃതമായ അഥവാ തെറ്റില്ലാത്ത ഇതര പരിഭാഷയും ഒരുപോലെ ചേർന്നതാണു° വിവരണങ്ങൾ.]

Publisher:

R. Kallingal, Thalore, Ollur.

963

വില: 45 ന.പ.

Nihil Obstat:

FR. J. CHEMMANOOR

Parappur,
14—2—'63.

Imprimatur:

† G. C. ALAPATT,
Bp. OF TRICHUR

TRICHUR,
16—2—'63.

പ്രസ്താവന



"നിങ്ങളുടെ ഈ വാശ്വാനങ്ങളെ എത്ര നാളത്തേയ്ക്ക്" നിങ്ങൾ ആചരിക്കും?" എന്ന ചോദ്യത്തിന്, "എല്ലാ ഏഴാഴ്ചത്തേയ്ക്കും ഞങ്ങൾ ആചരിക്കും" എന്ന് കന്യകാംബികയുടെ സന്നിധിയിൽ പ്രത്യുത്തരിച്ച അനേകം പേർക്ക് സഖ്യതയിലെ പ്രതിഷ്ഠാകർമ്മവും വാഗ്ദാനങ്ങളും ഇന്ന് ഒരു ബാല്യകാലസംഭവസ്മരണയായി മാത്രം അവശേഷിക്കുകയാണ്.

ഇതിന് ചിലർ പറയുന്ന കാരണം "ഒപ്പീസിന്റെ അർത്ഥം മനസ്സിലാകുന്നില്ല" എന്നതാണ്. പക്ഷേ, സാക്ഷാൽ കാരണം അലസതയിൽ നിന്നും അജ്ഞതയിൽനിന്നും ജനിക്കുന്ന നമ്മുടെ അവജ്ഞതയല്ലേ?

സഭാമാതാവിന്റെ വിശ്വാസിയും വിജ്ഞനും ആയ മക്കൾ ആനന്ദനിർവൃതിയോടെ മറിയത്തെ പ്രകീർത്തിക്കുവാൻ എക്കാലത്തും ഉപയോഗിക്കുന്ന ഒപ്പീസ് ഇന്നുമുതൽ കേരളീയർക്കും ആസ്വദിക്കുവാൻ സൗകര്യമായിത്തീർന്നിരിക്കുന്നു.

ബാംഗളൂർ "ധർമ്മാരാം" കോളേജിന്റെ വേദശാസ്ത്രപണ്ഡിതനായ റെക്ടർ, പെ. ബ. കുനീസിയൂസച്ചന്റെ മേൽനോട്ടത്തിൽ അവിടത്തെ വൈദികവിദ്യാർത്ഥികൾ ഇംഗ്ലീഷ് മൂലത്തിൽനിന്ന് വിവർത്തനം ചെയ്തതാണ് ഈ ചെറുപുസ്തകം. കേരളത്തിലെ മറിയാമക്കളുടെ പേരിൽ പരിഭാഷകരോട് കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

25—3—1963. **R. KALLINGAL**

പരി: അമലോത്ഭവമാതാവിന്റെ ചെറിയ ഒപ്പീസ്

പ്രാരംഭം

അമലോത്ഭവമറിയത്തിന്റെ ചെറിയ ഒപ്പീസ് മാതാവിനു വളരെ പ്രിയംകരമാണെന്നു നമുക്കറിയാം. അങ്ങ് ഒരു ധീനീത തുണസഹോദരനായിരുന്ന ധ. അൽഫോൻസു റോഡ്രിഗസ്സിനു പ്രത്യക്ഷപ്പെട്ട് അഭ്രഹത്തിന്റെ അമലോത്ഭവഭക്തിയെ പ്രശം സിക്കയും, ഈ ഒപ്പീസ് കൂടുതൽ പ്രചരിപ്പിക്കുന്നതിനും ഇതരന്മാരെ ഈ ഭക്താഭ്യാസത്തിനു പ്രേരിപ്പിക്കുന്നതിനും നിർദ്ദേശിക്കയും ചെയ്തതായി പറയപ്പെടുന്നു.

ലൊരേത്തുമാതാവിന്റെ ലുത്തിനിയപോലെ ഇതും അവളുടെ മാഹാത്മ്യങ്ങളുടെ ഒരു പ്രകീർത്തനമാണ്. അങ്ങയുടെ വത്സലർ അങ്ങയെ അഭിസംബോധന ചെയ്യുവാൻ ആഗ്രഹിക്കുന്ന നാമധേയങ്ങളാണവ. അതെ, പഴയ നിയമത്തിൽ അവളുടെ മഹത്വത്തെ പ്രദ്യോതിപ്പിക്കുകയും പ്രവചിക്കുകയും ചെയ്ത പ്രതിരൂപങ്ങളും പ്രതിഛായകളും. മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ട പുത്രന്റെ മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ട മാതാവാണവൾ. അവളുടെ സുകൃതങ്ങൾ ആരംഭം മുതൽ പ്രകീർത്തിക്കപ്പെട്ടിരുന്നു. പഴയ നിയമത്തിലെ പ്രവാചകന്മാർ അങ്ങയെപ്പറ്റി മനോഹരവും ഹൃദയസ്പൃക്കുമായ സൂചനകളും നല്കിയിട്ടുണ്ട്. ഈ ചെറിയ ഒപ്പീസിൽ അവയെ ശേഖരിച്ച് ഒരു പുഷ്പഹാരമാക്കി അവളുടെ പാദങ്ങളിൽ സമർപ്പിച്ചിരിക്കുകയാണ്. മാതാവിന്റെ മകുടത്തിലെ രത്നക്കല്ലുകളും കോർത്തിണക്കിയ ഒരു സുവർണ്ണഹാരമായും ഒപ്പീസിനെ സങ്കല്പിക്കാവുന്നതാണ്. ഈ രത്നക്കല്ലുകളാവട്ടെ, സഭാപിതാക്കന്മാർ ധ. ലിഖിതത്തിന്റെ താളുകളിൽ നിന്നു് അടർത്തിയെടുത്തവയാണ്.

വൈദികർ അനുദിനം ജപിക്കുന്ന കാനോനനമസ്കാരം അനുകരിച്ചാണിതെഴുതപ്പെട്ടിരിക്കുന്നതു്. അതിനാൽ ക്രിസ്ത്യാനികൾ രൂപം കൊടുത്ത ക്രമീകരിച്ച ആരാധനക്രമത്തിൽ ഉൾപ്പെടുന്നതാണിതു്. സഭയുടെ ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികളൊരുമിച്ചുകൂടി സങ്കീർത്തനങ്ങളുടെ ചില ഭാഗങ്ങളാലപിക്കുക പതിവായിരുന്നുവെന്നു നമുക്കറിയാം. യഹൂദരായിരുന്നതിനാൽ അവർക്കു് പ്രസ്തുത ഭാഗങ്ങൾ സുപരിചിതങ്ങളായിരുന്നു. വാസ്തവത്തിൽ ഈ സങ്കീർത്തനാലാപം സാധാരണയായി ദിവ്യബലിയുടെ ഒരു പ്രാരംഭക്രമമായിരുന്നു. ഈ പതിവിന്റെ ഒരവശിഷ്ടം ഇന്നും നമുക്കുണ്ടു്. അതാണു് ഡി. കർബ്ബാനയുടെ ആരംഭത്തിൽ വൈദികനും ശുശ്രൂഷിയും കൂടി ചൊല്ലുന്ന പ്രാരംഭം (Introit) അഥവാ ചെറിയ സങ്കീർത്തനവും അതോടനുബന്ധിച്ചു വാക്യങ്ങളും. ക്രമേണ ഇതര പ്രാർത്ഥനകളും ഡി. ഗ്രന്ഥത്തിലെ ചില ഭാഗങ്ങളും സങ്കീർത്തനങ്ങളോടു ചേർത്തുതുടങ്ങി. പല ഡി. പാപ്പാമാരും ഈ കാനോനിക ജപങ്ങളെ തിരുത്തി പരിഷ്കരിച്ചു. അങ്ങനെ കാനോനനമസ്കാരം നാം ഇന്നു് അറിയുന്ന വിധത്തിലുള്ള അതിന്റെ ചുരുങ്ങിയ രൂപത്തിലെത്തിച്ചേർന്നു.

കാനോനനമസ്കാരത്തിന്റെ അനുകരണമായതിനാൽ, ദിവസത്തിന്റെ യാമങ്ങൾക്കനുസൃതമായി ഏഴു ഭാഗങ്ങൾ അമലോത്ഭവത്തിന്റെ ഈ ചെറിയ ഒപ്പീസിനുമുണ്ടു്. "അങ്ങയുടെ നീതിയുടെ വിധിയെ ദിവസത്തിൽ ഏഴു പ്രാവശ്യം ഞാൻ സ്തുതിച്ചു" (Ps. 118, 164) എന്ന സങ്കീർത്തനവാക്യം ഇങ്ങനെ അതു സാർത്ഥകമാക്കിത്തീർക്കുകയും ചെയ്യുന്നു. ഏഴു് എന്ന അക്കം യഹൂദരുടെ ഇടയിൽ വളരെ മതിക്കപ്പെട്ടിരുന്നു, അതവർക്കു് പാവനമായിരുന്നു.

ഈതികക്രമീകരണത്തിന്റെ പൂർണ്ണതയോടുകൂടി യോജിച്ച ദൈവികപരിപൂർണ്ണതയുടെ പ്രതീകമായിരുന്നു അതു്. ദൈവത്തിന്റെ സൃഷ്ടികർമ്മവും ക്രിസ്തുമത്തിന്റെ സാബത്തും കൂടി ഏഴു ദിവസത്തെയുള്ളു ദീർഘിച്ചു. ആഴ്ചയിലെ ഏഴു ദിവസങ്ങളും അത്യുന്നതനായ ദൈവത്തിനു് തുടർച്ചയായി നൽകേണ്ട സ്തുതിയുടെ പ്രകാശനത്തി

നായി അവർ ഉപയോഗിക്കുകയും ചെയ്തിരുന്നു. "നിങ്ങൾ ഏഴ ദിവസം ദൈവത്തിനു ദഹനബലിയർപ്പിക്കണം" (ലേവ്യ. 23,35). ഇതായിരുന്നു ലേവ്യരുടെ കൊട്ടത്തിരുന്ന കല്പന.

ഇക്കാലത്തും കാനോനനമസ്കാരം വഴി ദൈവസിംഹാസനത്തിൻ പക്കലേയ്ക്ക് സ്തുതിയുടേയും പ്രാർത്ഥനയുടേയും നിരന്തരഗീതം ഉയർന്നുകൊണ്ടേയിരിക്കുന്നു. ലോകമെങ്ങുമുള്ള വൈദികർ പ്രതിദിനം കാനോനനമസ്കാരം ജപിക്കുന്നുണ്ട്. രാത്രികാലങ്ങളിൽ പോലും പാവനചരിതരായ സന്ന്യാസികളും കന്യാസ്ത്രീകളും സങ്കീർത്തനങ്ങൾ ഇടതടവില്ലാതെ ജപിക്കുവാൻ വേണ്ടി ഉണരുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ കാനോനനമസ്കാരം ജപിക്കുവാനുള്ള ആനുകൂല്യമോ, കടമയോ ഇല്ലാത്തവർക്ക് അവരുടെ സ്വരവും കൂടി ഈ നിത്യകീർത്തനത്തോട് ചേർക്കുകയും അങ്ങനെ അവിടുത്തെ പ. മാതാവിന്റെ സ്തുതികീർത്തനം വഴി ദിവസത്തിൽ ഏഴ പ്രാവശ്യം ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുവാൻ സാധിക്കുന്നുവെന്ന വസ്തുത എത്രയോ മനോഹരമാണ്.

ചെറിയ ഒപ്പീസിന്റെ ഏഴ ഭാഗങ്ങൾ:—

ഉദയജപം	അതിരാവിലെയുള്ള പ്രാർത്ഥന.
പ്രഥമയാമം	ഒന്നാം മണിക്കൂറിൽ: അതായത്, നമ്മുടെ ആറുമണിക്ക്.
മൂന്നാം യാമം	മൂന്നാം മണിക്കൂറിൽ: അതായത്, നമ്മുടെ ഒൻപതുമണിക്ക്.
ആറാം യാമം	ആറാം മണിക്കൂറിൽ: അതായത്, നമ്മുടെ മദ്ധ്യാഹ്നം.
ഒൻപതാം യാമം	ഒൻപതാം മണിക്കൂറിൽ: അതായത്, നമ്മുടെ മൂന്നു മണിക്ക്.
സായംകാലം	സന്ധ്യാസമയത്ത്: അതായത്, ആറുമണിക്ക്.
അവസാനപ്രാർത്ഥന	കിടക്കുന്നതിനു മുമ്പ്.

എന്നാൽ ഒപ്പീസ് ജപിക്കുമ്പോൾ ഈവിധ യാമങ്ങളെ വേർതിരിക്കേണ്ട ആവശ്യമില്ല. ദിവസത്തിൽ എപ്പോഴെങ്കിലും അതു ജപിക്കാവുന്നതാണ്. ലോഡ്സ് (Lauds) എന്ന ഭാഗം വിട്ടിരിക്കുന്നുവെന്നതു് ശ്രദ്ധേയമാണ്. കാരണം, അമലോത്ഭവകന്യകതന്നെ തന്റെ ഉന്നതവരങ്ങൾമൂലം ക്രിസ്ത്യാനിയുടെ "നിങ്ങൾ സ്തുതിച്ചാലും" (Benedicte) എന്നു തുടങ്ങുന്ന ഗാനമാണ്. അവളുടെതന്നെ സ്തുതിയുടേയും കൃതജ്ഞതയുടേയും കീർത്തനമായ "എന്റെ ആത്മാവു് കർത്താവിനെ മഹത്വപ്പെടുത്തുന്നു" (Magnificat) എന്നാരംഭിക്കുന്ന സംഗീതം ആലപിക്കുമ്പോഴെല്ലാം അവളുടെ മക്കൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നുണ്ട്.

ചെറിയ ഒപ്പീസിന്റെ മൂലകൃതി എഴുതപ്പെട്ടിരിക്കുന്നതു് ലത്തീൻ ഭാഷയിലാണ്. എന്നാൽ ദൈവമാതാവിന്റെ ബഹുമാനാർത്ഥമുള്ള ഈ കൃതിയുടെ ഭാഗ്യവാനായ ഗ്രന്ഥകർത്താവിന്റെ നാമം വിസ്മൃതിയിലാണ്ടുപോയിരിക്കയാണ്. ചിലർ ഇതിന്റെ കർതൃത്വം വി. അൽഫോൻസ് റോഡ്രിഗസിൽ ആരോപിക്കുന്നു. ഈ വിശുദ്ധൻ ഇതിന്റെ പ്രചാരത്തിനായി വളരെ പ്രയത്നിക്കുകയും ജീവിതാവസാനത്തിലെ നാല്പതു വർഷത്തേയ്ക്കു ദിവസവും ഈ ഒപ്പീസ് ജപിക്കുകയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹമല്ല ഇതു രചിച്ചതെന്നു് ഇപ്പോൾ മിക്കവാറും തീർച്ചയാണ്. അദ്ദേഹം ഉപയോഗിച്ചിരുന്നതു് സ്പെയിനിൽനിന്നുള്ള ഒരു പഴയ കോപ്പി മാത്രമാണ്. ഈ ഭക്താഭ്യാസം ഇപ്പോൾ ലോകം മുഴുവൻ വ്യാപിച്ചിട്ടുണ്ട്. സൊഡാലിറ്റിയാണിതിനുള്ള പ്രത്യേക കാരണം. ഒരു സൊഡാലിസ്റ്റ് പ. കന്യകയ്ക്കു സമർപ്പിക്കുന്ന തിരുമൽക്കാഴ്ചയാണതു്. അതെ, അതീവസുന്ദരവും അവിടുത്തെ മാതൃഹൃദയത്തിനു അത്യന്തം പ്രസാദകരവുമായ ഒരു വിശേഷോപഹാരംതന്നെ. സാധാരണ ഉപയോഗത്തിലിരിക്കുന്ന പല ലഘുഗ്രന്ഥങ്ങളിലും ഒപ്പീസിനു മുമ്പു ജപിക്കുവാൻ ഒരു ചെറിയ പ്രാരംഭപ്രാർത്ഥനകൂടി ചേർക്കുന്നുണ്ട്. വൈദികർ കാനോനനമസ്കാരത്തിനു മുമ്പു് ചൊല്ലുന്നതും തിരുസ്സഭ

ആദരപൂർവ്വം കരുതിവരുന്നതുമാണീ പ്രാർത്ഥന. ഹൃദയശുദ്ധി, അശുദ്ധവും അനുചിതവുമായ വിചാരങ്ങളിൽനിന്നുള്ള മോചനം എന്നിവ ലഭിക്കുവാനുള്ള ഒരു അപേക്ഷയാണിതു്. നമ്മുടെ ബുദ്ധി പ്രകാശിക്കുന്നതിനും ഹൃദയം ജ്വലിക്കുന്നതിനും ഇപ്രകാരം യഥായോഗ്യം ഈ ജപം ചൊല്ലുന്നതിനും ദൈവതിരുമുമ്പാകെ കേൾക്കപ്പെടുവാൻ നാം അർഹരായിത്തീരുന്നതിനും ഇതുവഴി നാം യാചിക്കുന്നു. കൂടെക്കൂടി ചുരുങ്ങിയ ഒരു പ്രാർത്ഥനയും ഇതിനെത്തുടർന്നു്, രണ്ടാമതായി കൊടുക്കാറുണ്ടു്. അതും കാനോനനമസ്കാരത്തിൽ നിന്നു് എടുത്തിട്ടുള്ളതാണു്. "കർത്താവെ, അങ്ങു ഭൂമിയിൽവച്ചു ദൈവത്തെ സ്തുതിച്ചപ്പോൾ ഉണ്ടായിരുന്ന ദൈവികനിയോഗത്തോടു ചേർന്നുകൊണ്ടു് ഞാൻ ഈ പ്രാർത്ഥന അങ്ങയ്ക്കു കാഴ്ചവയ്ക്കുന്നു" എന്നിപ്രകാരമാണതു്.

തുടർന്നുള്ള പേജുകളിലെ ഉദ്ധൃതഭാഗങ്ങൾ "*ദി ന്യൂ ഡെവോഡാലിറ്റി മാനുവൽ*" എന്ന ഗ്രന്ഥത്തിൽ ജോർജ്ജ് ജോൺസൺ തർജ്ജമചെയ്ത ചേർത്തിരിക്കുന്ന "അമലോത്ഭവമാതാവിന്റെ ചെറിയ ഒപ്പീസിൽ" നിന്നും എടുത്തിട്ടുള്ളതാണു്. മലയാള പരിഭാഷയെ സംബന്ധിച്ചിടത്തോളം, എൽത്തുരുത്തു് സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നു പ്രസിദ്ധംചെയ്തിട്ടുള്ള "ചെറിയ ഒപ്പീസാ"ണു് കഴിയുന്നതു ഇതിൽ സ്വീകരിച്ചിട്ടുള്ളതു്.

ഉദയജപം

കാനോനനമസ്കാരം ആരംഭിക്കുമ്പോൾ ജപിക്കുന്ന പ്രാർത്ഥന യോടു വളരെ സദൃശമായ ഒരു രൂപത്തോടുകൂടിയാണു് ഉദയജപം തുടങ്ങുന്നതു്. ''ഓ എന്റെ അധരങ്ങളേ, ഇപ്പോൾ ഭാഗ്യപ്പെട്ട കന്യകയുടെ സ്തുതികൾ പാടുവിൻ.'' ''നാഥേ, എന്നെ സഹായി പ്പാൻ വരിക. ശത്രുക്കളുടെ കൈകളിൽനിന്നു വല്ലതോത്തോടെ എന്നെ നീ രക്ഷിക്കുക'' എന്ന പ്രാർത്ഥനയെ തുടർന്നുള്ള വാക്യ ത്തിലും, പ്രതിവാക്യത്തിലും അത്യുദ്ധാരുപിയുടെ ഉഷ്ണപ്രേരണ കൾക്കെതിരായി നാം സഹായം പ്രാർത്ഥിക്കുകയാണു്. ഈ വാക്യ വും, പ്രതിവാക്യവും കാനോനനമസ്കാരത്തിൽ നിന്നു് എടുത്തിട്ടുള്ള താണു്. പ്രഭാതപ്രാർത്ഥനയുടെ പ്രധാനഭാഗമായ ഈ ഗീതിക നമ്മുടെ നാഥയെ അങ്ങയുടെ പ്രത്യേക ദാനങ്ങളെ അനുസ്മരിപ്പി ക്കുന്നു.

ഭ്രലോകനാഥേ, സ്വർഗ്ഗരാജ്ഞി, നിനിക്കു സ്വസ്തി.

"നാഥേ, നിനക്കു സ്വസ്തി" എന്ന ഗബ്രിയേൽ അതിദൂതന്റെ അഭിവാദനത്തിന്റെ പ്രതിധ്വനി എന്ന മട്ടിൽ 'ലോകനാഥേ, നിന ക്കു സ്വസ്തി' എന്നു് നാമും അവളെ അഭിസംബോധന ചെയ്യുന്നു.

അവൾ എല്ലാറ്റിനും മകളിലാണു്—ദൈവമൊഴികെ എല്ലാ റ്റിനും മകളിൽ—എന്നാണു് വി. അപ്രേം നമ്മോടു പറയുന്നതു്. അവളുടെ പുത്രൻ സ്രഷ്ടാവാണു്. സ്വർഗ്ഭൂലോകങ്ങളുടെ രാജാവു്. മറിയമാകട്ടെ, തീച്ചയായും അവയുടെ രാജ്ഞിയും നാഥയുമാണു്. കാരണം, രാജാവിന്റെ അമ്മയാണവൾ. മനുഷ്യഹൃദയങ്ങളുടെമേൽ ആശ്ലേഷകൾ വർഷിച്ചുകൊണ്ടു് ലോകത്തിലവൾ ഭരണം നടത്തുന്നു. കത്തോലിക്കാദൈവശാസ്ത്രം പഠിപ്പിക്കുന്നതുപോലെ, എല്ലാ ദൈവ ദാനങ്ങളും അവളുടെ കരങ്ങളിലൂടെയാണു പ്രവഹിക്കുന്നതു്. സ്വ ർഗ്ഗത്തിൽ, അദൃശ്യമായ ആ ലോകത്തിൽ, മാലാഖമാരുടേയും വിശു

ഈശോയുടേയും റാണിയായി അവളെ വാഴിച്ചിരിക്കുന്നു. "ദൈവമാതാവേ നമ്മുടെ എല്ലാ ഗണങ്ങളുടേയും മേലെയല്ലേ അവൾ?" എന്നു് ഡി. ബണ്ണാർദ് ചോദിക്കുന്നു.

ഭൂമിയിൽ പിറന്നവളെങ്കിലും കളങ്കമറ്റ ശുദ്ധതയാൽ
പ്രശോഭിതയായ കന്യകേ, നിനക്കു സ്വസ്തി.

മാതാവിനെ സംബോധന ചെയ്യുവാൻ മരിയസുതർ ഏറ്റവും ഇഷ്ടപ്പെടുന്ന പദം 'പരി. കന്യക' എന്നതാണു്. ഏതാണ്ടു കളായി തിരുസ്സഭയിൽ ഉപയോഗത്തിലിരിക്കുന്നതും ഇതുതന്നെ. അവൾ കന്യകകളുടെ കന്യകയാണു്, കന്യാത്വത്തിന്റെ പൂർണ്ണതയാണവൾ. കാരണം, അവളുടെ പുത്രന്റെ ജനനത്തിലും അതിനു മുമ്പും അതിനു ശേഷവും അവൾ കന്യകയായിരുന്നു. പൂർവ്വകാലങ്ങളിലെ യഹൂദർക്കു് മിശിഹായുടെ മാതാവിനെ അറിയുവാനുള്ള മാർഗ്ഗമിതായിരുന്നു. അതായതു് "ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും" (ഐസയാസ് 7_14). കന്യാത്വത്തിന്റെ ഈ പൂർണ്ണത കണ്ടിട്ടാണു് മഹാകവിയായ വേഡ്സ്വർത്ത് ഒരു കത്തോലിക്കനല്ലെങ്കിലും "നമ്മുടെ കളങ്കമറ്റ പ്രകൃതിയുടെ ഏകാഭിമാനം" എന്നു് അത്ഭുതവിവശനായി പാ. കന്യകയെ അഭിസംബോധന ചെയ്യുവാൻ പ്രേരിതനായതു്.

ഉദയകാലനക്ഷത്രമേ, നിനക്കു സ്വസ്തി
ദൈവപ്രസാദപൂരിതേ, നിനക്കു സ്വസ്തി.

പ്രഭാതതാരം സൂര്യോദയത്തെ വിളിച്ചറിയിക്കുന്നു. രാത്രിയുടെ അന്ധകാരത്തിനു ശേഷം സൂര്യപ്രകാശം നിഴലുകളെ ഭേദിച്ചു തുടങ്ങുമ്പോൾ പകലിന്റെ ഉദയമായെന്നു നാമറിയുന്നു. വേറൊരു രംഗം: ആദത്തിന്റെ അധഃപതനത്തിനു ശേഷം ദൈവസാന്നിദ്ധ്യത്തിന്റെ പ്രകാശം ഭൂമുഖത്തുനിന്നു പിൻവലിക്കപ്പെട്ടു. മനുഷ്യരുടെ ബുദ്ധിയും ഹൃദയവും ഇരുട്ടുകൊണ്ടു മൂടി. അപ്പോൾ ചക്രവാളത്തിൽ ഈ കന്യക അതാ തന്റെ കതിരുകൾ വിതറുന്നു. അതെ, രക്ഷണീയത്തിന്റെ ഉദയത്തിൽ "ലോകത്തിൽ പ്രത്യക്ഷ

പ്പെട്ടന്ന ഓരോ മനുഷ്യനേയും പ്രത്യേകിപ്പിക്കുന്ന സത്യപ്രകാശത്തിന്റെ ഉദയത്തിനു മുന്നോടിയായ പ്രഭാതതാരം. മറിയത്തോടുള്ള ഭക്തി ഒരാത്മാവിൽ വരപ്രസാദത്തിന്റെ ഉദയമാണ്. ഖിന്നുഭീകരണത്തിന്റെ ആരംഭം! മറിയം എവിടെയെല്ലാമുണ്ടോ അവിടെ അവളുടെ തിരുക്കുമാരന്റെ സാന്നിദ്ധ്യവുമുണ്ട്. അന്ധകാരത്തിലവൾ പ്രത്യക്ഷപ്പെടുമ്പോൾ അങ്ങും (അവളുടെ സുതനും) സമീപസ്ഥനാണെന്നു നാമറിയുന്നു" എന്നാണ് കാർഡിനൽ ന്യൂമാന്റെ സമുചിതമായ പ്രസ്താവം.

> നിത്യവചനം വഴിയായി ഭൂമിയേയും കടലിനേയും ആകാശത്തേയും സൃഷ്ടിച്ച ദൈവം തന്റെ ഏകജാതനായ വചനത്തിന്റെ മാതാവായി അനാദിമുതൽ നിന്നെ തെരഞ്ഞെടുത്തു. ആദത്തിന്റെ പാപത്താൽ മലിനപ്പെടാത്ത സൗന്ദര്യപതനിയായി ദൈവം നിന്നെ അലങ്കരിച്ചു.

നിത്യതം മുതൽതന്നെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ലോകം സൃഷ്ടിക്കുന്നതിനു തീരുമാനിച്ചു. അപ്പോൾതന്നെ, ആദത്തിന്റെ അധഃപതനത്തെ മുൻകൂട്ടി ദർശിച്ചുകൊണ്ട് മനുഷ്യകുലത്തെ മുഴുവനും തിരുസുതന്റെ മനുഷ്യാവതാരംവഴി സമുദ്ധരിക്കുവാനും നിശ്ചയിച്ചു. അഗ്രാഹ്യമായ ആ നിത്യനിമിഷത്തിൽ ദൈവതൃക്കണ്ണുകൾ നസ്രസ്സിലെ ആ കൊച്ചുകന്യകയെ സ്നേഹപൂർവ്വം വീക്ഷിച്ചു. മിശിഹായുടെ മാതാവായി, ദൈവവചനത്തിന്റെ അമ്മയായി, ആയിരങ്ങളിൽനിന്ന് അവളെ തെരഞ്ഞെടുക്കുകയും ചെയ്തു. പാപമറിയാത്തവളായി അവൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്മൂലം തന്റെ വരനായ പരിശുദ്ധാത്മാവിക്കു കളങ്കരഹിതമായ ഒരു ഹൃദയത്തെ സമർപ്പിക്കുവാൻ അവൾക്കു കഴിഞ്ഞു. സംഗീതത്തെ തുടർന്നുള്ള വാക്യപ്രതിവാക്യങ്ങളാണല്ലൊ താഴെ വരുന്നതു്.

> "ദൈവം അവളെ തെരഞ്ഞെടുക്കുകയും മുൻകൂട്ടി തെരഞ്ഞെടുക്കുകയും ചെയ്തു; തന്റെ കൂടാരത്തിൽത്തന്നെ അവളെ വസിപ്പിക്കുകയും ചെയ്തു."

ഇവയേയും മുകളിൽ കൊടുത്തിരിക്കുന്ന അവസാനത്തെ രണ്ടു പാദങ്ങളും വിവരിക്കുന്നുണ്ട്. ഇവ രൂപമെടുത്തതു്, ഒരുപക്ഷേ 131–ാം സങ്കീർത്തനത്തിലെ താഴെ വരുന്ന വാക്യത്തെ അനുകരിച്ചായിരിക്കാം. "ദൈവം സെഹിയോനെ തെരഞ്ഞെടുത്തു; അതിനെ തന്റെ വാസസ്ഥാനമാക്കി." (സങ്കീ. 131, 13)

പ്രഥമയാമം

ജ്ഞാനമുള്ള കന്യകേ, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതും സപ്തസ്തംഭങ്ങളാലും പീഠങ്ങളാലും അലങ്കരിക്കപ്പെട്ടതുമായ ഭവനമെ! നിനക്കു സ്വസ്തി.

വിജ്ഞാനത്തിന്റെ ഏറ്റവും രമണീയമായ ആലയമാണു് നമ്മുടെ നാഥ. കാരണം, പിതാവായ ദൈവത്തിന്റെ നിത്യവിജ്ഞാനത്തിന്റെ മാതാവാണവൾ. പരി. ത്രിത്വത്തിന്റെ രണ്ടാമാളാണല്ലോ മനുഷ്യനായി അവതരിച്ചതു്. അവിടുന്നു വിളിക്കപ്പെടുന്നതു് ദൈവവചനമെന്നാണു്. ദൈവവചനം ദൈവത്തിന്റെ ചിന്തയാണു്; അവിടുത്തെ വിജ്ഞാനമാണു്. ഈ വചനം പിതാവിൽ നിന്നു പുറപ്പെടുന്നു; എന്നാലും പിതാവിനോടുകൂടി ഏകസത്തയാണു്. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു, വചനം ദൈവമായിരുന്നു" (യോഹ. 1, 1). ഇതിൽ നിന്നും സ്വയംഭൂവായ ദൈവവിജ്ഞാനത്തിന്റെ മാതാവാണു് മറിയം എന്നു സിദ്ധിക്കുന്നു. അവിടുന്നു് വസിച്ച ആലയമാണവൾ. അങ്ങനെ ബോധജ്ഞാനത്തിന്റെ സിംഹാസനം എന്നു് അവൾ എക്കാലവും വിളിക്കപ്പെടുന്നു. "ഈ വചനങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ടു്" നസ്രസിൽ വസിച്ച ആ കാലത്തു് യഥാർത്ഥമായ വിജ്ഞാനം തന്റെ ദിവ്യസുതനിൽ നിന്നു് എന്തുമാത്രം അവൾ സ്വീകരിച്ചിട്ടില്ല!

വചനം മാംസമായി; പരിശുദ്ധ കന്യകയുടെ നിർമ്മലോദരത്തിൽ അങ്ങു വാസമുറപ്പിക്കുകയും ചെയ്തു. അവൾ ദൈവത്തിന്റെ

ആലയമാണു്, ദൈവത്തിനു് പൂർണ്ണമായി പ്രതിഷ്ഠിതമായ ആലയം. അതെ, മനുഷ്യമക്കളിൽ മനോഹരി! ഈ ദേവാലയത്തിനു് ഏഴു തൂണുകളാണുള്ളതു്. ഈ തൂണുകൾ അതിന്റെ അജയ്യമായ ശക്തിയെ സൂചിപ്പിക്കുന്നു. സഹനത്തിന്റെയോ പ്രലോഭനത്തിന്റെയോ മുമ്പിൽ അതു് ഇളകുകയില്ല. ഇതാണു് സുഭാഷിതങ്ങളുടെ പുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദേവാലയം. "ബോധജ്ഞാനം തനിക്കായി ഒരു ഭവനം നിർമ്മിച്ചു; അവൾ അതിനെ ഏഴു തൂണുകളിൽ താങ്ങി". (സുഭാഷിതം 9,1). ഈ ഏഴു തൂണുകളെ പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളായും സങ്കല്പിക്കാവുന്നതാണു്. പ്രസ്തുത ദാനങ്ങളും അവയുടെ പൂർണ്ണതയിൽ മറിയത്തിൽ പ്രശോഭിക്കുന്നതായി കാണാം.

> ലോകത്തിന്റെ എല്ലാ അശുദ്ധതയിൽനിന്നും കാക്കപ്പെട്ടവളും ജനനത്തിനു മുമ്പുതന്നെ മാതാവിന്റെ ഉദരത്തിൽ പരിശുദ്ധയായിരുന്നവളുമായ കന്യകേ, നിനക്കു സ്വസ്തി.

ഈ പാദത്തിലും മാതാവിന്റെ ഉന്നതപദത്തെ, അമലോത്ഭവത്തെ, ആണു് കവി വീണ്ടും സൂചിപ്പിക്കുന്നതു്. അവളുടെ ആത്മാവു് ശരീരത്തിൽ നിവേശിതമായ ക്ഷണത്തിൽത്തന്നെ ദൈവത്തിന്റെ നിസ്സീമകൃപാവിശേഷത്താൽ ഉത്ഭവപാപത്തിന്റെ മാലിന്യത്തിൽനിന്നു സംരക്ഷിക്കപ്പെട്ട.

> വാനവരുടെ രാജ്ഞി! കൂടുതൽ പ്രിയംകരമായ മാതാവെന്ന സംജ്ഞയാൽ അങ്ങയെ അഭിസംബോധന ചെയ്യുവാൻ ഞങ്ങൾക്കാണവകാശം.

(ഇതു മലയാളം പ്രതിയിലില്ല.)

തങ്ങളുടെ സൃഷ്ടിയുടെ ആദ്യക്ഷണം മുതൽതന്നെ മാലാഖമാർ നമ്മുടെ നാഥയെ വണങ്ങുവാൻ തുടങ്ങിയെന്നാണു് ദൈവശാസ്ത്രവിശാരദനായ സ്വാരസിന്റെ അഭിപ്രായം. കാരണം, അപ്പോൾത്തന്നെ മനുഷ്യാവതാരരഹസ്യം അവർക്കു വെളിപ്പെടുത്തപ്പെട്ടുവെ

ന്നാണ് സങ്കല്പം. അതിനാൽ ആരംഭം മുതൽ, മാംസമായ വചന ത്തിന്റെ കന്യകാമാതാവാകുവാനുള്ള അവളെ അവർ വണങ്ങിയി രുന്നു. പരിശുദ്ധ കന്യകയുടെ കവറിടത്തുകൽ ദൈവമാതാവിന്റെ സംഗീതം മൂന്നു ദിവസത്തേയ്ക്ക് തുടച്ചുമായി മുഴങ്ങിയിരുന്നുവെന്നാ പൌരാണിക പാരമ്പര്യം വി. ജോൺ ഡമഷേൻ എടുത്തു കാണിക്കു ന്നുണ്ട്. ഇങ്ങനെ മറിയം മാലാഖമാരുടെ രാജ്ഞിയാണ്, ശരിതന്നെ. എങ്കിലും മാതാവെന്ന കൂടുതൽ പ്രിയംകരമായ നാമത്താൽ അങ്ങയെ സംബോധന ചെയ്യുവാനുള്ള പ്രത്യേകാവകാശം നമുക്കാ ണ്. സൃഷ്ടിയുടെ പുസ്തകത്തിൽ ഹവ്വാ ജീവിക്കുന്ന എല്ലാവരുടെയും മാതാവെന്ന വിളിക്കപ്പെടുന്നു. എന്നാൽ അവൾ തന്റെ മക്കളെ മരണത്തിനധീനരാക്കി. മറിയമോ? നമുക്കു നവജീവൻ പ്രദാനം ചെയ്തു. മറിയം നവീന ഹവ്വായാണ്; അവളുടെ സുതൻ പുതിയ ആദം ആയിരിക്കുന്നതുപോലെ. നമ്മുടെ ജീവനും, പ്രകൃത്യതീതജീ വനും, അവളോടാണ് നാം കടപ്പെട്ടിരിക്കുന്നത്. കാരണം, എല്ലാ വരങ്ങളുടെയും ഉറവിടമായ ക്രിസ്തുവിനെ നാം സ്വീകരിച്ചതു് അവ ളിൽ നിന്നാണ്. "അവന്റെ പൂർണ്ണതയിൽ നിന്ന് നാമേവരും കൃ പയ്ക്കു പകരം കൃപ കൈക്കൊണ്ടിരിക്കുന്നു" (യോഹ. 1-16).

നീ വിശുദ്ധന്മാരുടെ വാതിലും, യാക്കോബിന്റെ നവീനനക്ഷത്രവുമാകുന്നു.

"യാക്കോബിന്റെ നവീനനക്ഷത്രം" എന്ന പ്രയോഗം 'സംഖ്യ കളുടെ പുസ്തക'ത്തിലെ (24, 5-19) ഒരു രംഗത്തെയാണു കുറിക്കു ന്നതു്. മണലാരണ്യത്തിൽ കൂടിയുള്ള യഹൂദന്മാരുടെ പ്രയാണ മദ്ധ്യേ ബാലാം പ്രവാചകൻ ഭാവിയിലേയ്ക്കുറ്റുനോക്കി ദർശിച്ചു. അദ്ദേ ഹം കണ്ടു, ദൈവജനത്തിനു് രക്ഷ പ്രദാനംചെയ്യാനിരുന്ന ഒരു നക്ഷത്രം യാക്കോബിൽനിന്നു് ഉദിച്ചുയരുന്നതായി. "യാക്കോബി ന്റെ വംശത്തിൽനിന്നു് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽ നിന്നു് ഒരു ചെങ്കോൽ മുളയെടുക്കും....ഭരിക്കുവാനുള്ളവൻ യാക്കോ ബിന്റെ വംശത്തിൽനിന്നു വരും." ക്രിസ്തുവാണാനക്ഷത്രം; സ്വാ

തന്ത്രത്തിന്റെ ആ നവ്യപ്രഭ മേരിയും. കാരണം, രക്ഷകന്റെ ജന്മം കൊട്ടഘോഷകൊണ്ടവൾ മനുഷ്യവംശത്തിനു മുക്തി നല്കി.

> യുദ്ധസന്നദ്ധമായ സൈന്യനിരയെപ്പോലെ പിശാചിനു ഭയങ്കരിയായവളേ, നീ ക്രിസ്ത്യാനികളുടെ രക്ഷാസ്ഥാനവും അഭയവുമായിരിക്കണമേ.

സഭാസ്തുതിയിലുള്ള മാലഖമാക്കവൾ രാജ്ഞിയാണു്. എന്നാൽ അധഃപതിച്ച മാലാഖമാക്കു്, ദുഷ്ടാത്മാപികളുടെ ഗണത്തിനു്, അവൾ ഭയങ്കാരണമാണു്. സപ്പത്തെ, നമ്മുടെ ആദിമാതാപിതാക്കളുടെ അധഃപതനത്തിന്റേയും നാശത്തിന്റേയും ദയനീയമായ ഹേതുവിനെ, ഏദൻ തോട്ടത്തിന്റെ വാതില്ക്കൽ വെച്ചു് ദൈവം ശപിച്ചു. സ്ത്രീയുടെ പാദത്തിൻകീഴ് അവസാനം അവൻ അമരുമെന്നും അങ്ങു് പ്രവചിക്കുകയും ചെയ്തു: "നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും" (സൃഷ്ടി 3, 15). മറിയമാണീ മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ട സ്ത്രീ; അവളുടെ സന്തതിയാകട്ടെ, നമ്മുടെ കർത്താവീശോമിശിഹായും.

> മറിയം നരകത്തിനു ഭയങ്കരിയാണെങ്കിലും നമുക്കു മാധുര്യമുള്ള തുറമുഖമാണു്; ജീവിതമവസാനിക്കുമ്പോൾ സമാധാനത്തോടെ നാം തിരിച്ചെത്തുന്ന സങ്കേതം.
> (ഇതു മലയാളം പ്രതിയിലില്ല.)

ഈ സ്തുതികീർത്തനത്തെ തുടർന്നു വരുന്ന വാക്യവും പ്രതിവാക്യവും ഈശോബർസീറാ (1: 9, 10) യുടെ പുസ്തകത്തിൽനിന്നെടുത്തിട്ടുള്ളതാണു്. ഖി. ലിഖിതത്തിലെ വാക്കുകൾ നിഷ്കൃഷ്ടമായി കുറിക്കുന്നതു് നിത്യവിജ്ഞാനത്തെയാണു്. എന്നാലും ഔചിത്യഭംഗം കൂടാതെ അവ നമ്മുടെ നാഥയെ കുറിക്കുവാനും ഉപയോഗിക്കാവുന്നതാണു്. കാരണം, ഉത്ഭവിച്ച ക്ഷണം മുതൽതന്നെ അവൾ പരിശുദ്ധാത്മാവിയാൽ നിറഞ്ഞിരുന്നു. അതിനും പുറമെ, മനുഷ്യപ്രവർത്തനങ്ങളുടെ മേൽ അവൾക്കുള്ള കരുണാമസൃണമായ സ്വാധീനശക്തി അവയെ ദൈവസന്നിധിയിൽ പ്രീതികരമാക്കിത്തീർക്കുകയും ചെയ്യുന്നു.

തൃതീയ യാമം

ചെറിയ ഒപ്പീസിന്റെ മൂന്നാം യാമം പഴയ നിയമത്തിലെ പ്രവചനങ്ങളുടേയും പ്രതീകങ്ങളുടേയും സൂചനകൾകൊണ്ടു സമൃദ്ധമാണു്. ഇവയെല്ലാം പരിശുദ്ധ കന്യകയെ സംബന്ധിച്ചു് ഉപയോഗിക്കാവുന്നതാണു്. വാസ്തവത്തിൽ തിരുസ്സഭ അങ്ങനെ ഉപയോഗിക്കുന്നുമുണ്ടു്.

ദീർഘദർശികൾക്കു പ്രത്യേകതയും പ്രാധാന്യവും കൊടുത്തുകൊണ്ടു് പ്രവചിച്ചതും മുൻകൂട്ടി ചിത്രീകരിച്ചതും നമ്മുടെ കർത്താവിനെത്തന്നെയാണു്. എന്നാൽ മിശിഹായെ സംബന്ധിച്ച ഈ പ്രവചനങ്ങളുടെ നിഗ്രൂഢപ്രവാഹത്തിനു സമാന്തരമായി വേറെ ഒരു പ്രവാഹം ഉണ്ടു്. അതാണു് മിശിഹായുടെ മാതാവാകുവാനുള്ള അത്ഭുതചരിതയായ കന്യകയെ സ്വീകരിക്കുവാൻ മനുഷ്യഹൃദയങ്ങളെ ജാഗരൂകമാക്കിയതു്.

ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വഹിക്കുന്ന പെട്ടകമേ, നിനക്കു സ്വസ്തി.

കർത്താവിന്റെ വരവിനു മുൻപു് ഭൂമുഖത്തുണ്ടായിരുന്നവയിൽ ഏറ്റവും വിശുദ്ധമായ വസ്തു വാഗ്ദാനത്തിന്റെ പെട്ടകമായിരുന്നു. ഇതു്, പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ, ലോകത്തിൽ ദൈവത്തിനുള്ള രഹസ്യകൂടാരമായിരുന്നു. "എന്നിട്ടു് എനിക്കുവേണ്ടി അവർ ഒരു വിശുദ്ധസ്ഥലം ഉണ്ടാക്കണം. ഞാൻ അവരുടെ ഇടയിൽ വസിക്കുകയും ചെയ്യും...." "സെറീം മരംകൊണ്ടു് ഒരു പെട്ടകം ഉണ്ടാക്കുക, അതിന്റെ അകവും പുറവും കറയറ്റ സ്വർണ്ണംകൊണ്ടു പൊതിയുക. ഞാൻ നിനക്കു തരുവാനിരിക്കുന്ന സാക്ഷ്യം അതിൽ നീ നിക്ഷേപിക്കുകയും ചെയ്യുക. കറയില്ലാത്ത സ്വർണ്ണം കൊണ്ടു് ഒരു കൃപാസനവും ഉണ്ടാക്കുക" (പുറ. 25, 8—17). ഈ കൃപാസനം കരുണയുടെ ആസ്ഥാനമെന്നും വിളിക്കപ്പെട്ടിരുന്നു. കാരണം, അവിടെ ഇരിക്കുമെന്നു കരുതപ്പെട്ടിരുന്ന കർത്താവു് അവിടെനിന്നു കരുണ കാണിച്ചിരുന്നു. വി. പൌലോസ്

എബ്രായക്കാർക്ക് അയച്ച ലേഖനത്തിൽ (എബ്രാ. 9, 4) നാം വായിക്കുന്നതുപോലെ, ഈ പേടകത്തിൽ സീനാ മലപ്പുറത്തുവച്ച് ദൈവം മൂശയ്ക്ക് നൽകിയ പ്രമാണത്തിന്റെ ഇരു കല്പലകകളും, ഒരു പൊൻപാത്രം നിറയെ മന്നായും അഹരോന്റെ പുഷ്പിച്ച വടിയും സൂക്ഷിച്ചിരുന്നു.

ലോറെറോ ലുത്തിനിയായിൽ തിരുസ്സഭ നമ്മുടെ നാഥയെ 'വാഗ്ദാനത്തിന്റെ പെട്ടകമേ' എന്നു സംബോധനചെയ്യുന്നുണ്ട്. കാരണം, അവളുടെ പരിശുദ്ധോദരത്തെ ദൈവം തന്റെ ആലയമാക്കിയതുതന്നെ. അക്ഷയമായ (ജീർണ്ണിക്കാത്ത) സെറീം മരത്തോടും അവളെ ഉപമിക്കാറുണ്ട്. പെട്ടകത്തിലെ കൃപാസനം കരുണയുടെ മാതാവായ മറിയത്തിന്റെ പ്രതീകമല്ലെന്നു വരുമോ? ഈ പേടകം ഒബേദോമിന്റെ ഭവനത്തിലായിരുന്നപ്പോൾ പ്രസ്തുത ഭവനം അസാധാരണവരങ്ങൾ പ്രാപിച്ചുവെന്നാണ് (2 രാജ. 6–11.) പറയുന്നത്. വാഗ്ദാനഭൂമിയിലേയ്ക്കുള്ള യാത്രയിലും ഈ പേടകം യഹൂദജനങ്ങളുടെ മുമ്പേ ഉണ്ടായിരുന്നു (ജോഷ്വാ. 3.). ഇതുപോലെതന്നെ മറിയവും തന്നെ തങ്ങളുടെ ഭവനങ്ങളിലേയ്ക്കു സ്വീകരിക്കുന്നവർക്കു നല്കുന്ന അനുഗ്രഹങ്ങൾ സംഖ്യാതീതങ്ങളാണ്. അതിലുപരി, അവരെ അവരുടെ നിത്യഭവനത്തിലേയ്ക്ക് അവൾ നയിക്കുകയും ചെയ്യുന്നു.

ശ്ലോമോന്റെ സിംഹാസനമേ, നിനക്കു സ്വസ്തി.

പൌരാണികരാജാക്കന്മാരിൽ ഏറ്റവും മഹനീയനും ബുദ്ധിമാനുമായിരുന്ന സോളമൻ നിത്യജ്ഞാനമായ ക്രിസ്തുവിന്റെ ഒരു സാദൃശ്യമാണ്. അദ്ദേഹത്തിന്റെ സമ്പത്തു സീമാതീതമായിരുന്നു. ആ സമ്പാദ്യങ്ങളുടെ പ്രഭയിലും ആധിക്യത്തിലും നാം അത്ഭുതസ്തബ്ധരാകുന്നു. രാജാക്കന്മാരുടെ പുസ്തകങ്ങളിൽ മൂന്നാമത്തേതു് അദ്ദേഹത്തിന്റെ കണ്ണഞ്ചിക്കുന്ന സിംഹാസനത്തിന്റെ അംഗപ്രത്യംഗവർണ്ണന നമുക്കു തരുന്നുണ്ട് (10, 18–19). "സോളമൻ രാജാവു് ദന്തം കൊണ്ടൊരു വലിയ സിംഹാസനവുമുണ്ടാക്കി. പത്തര മാറുള്ള

സ്വർണ്ണംകൊണ്ടുതന്നെ അതു പൊതിഞ്ഞു. അതിനു് ആറു പടികളുണ്ടായിരുന്നു. സിംഹാസനത്തിന്റെ മുകൾഭാഗം പിറകിൽ ഉരുണ്ടിരുന്നു. ഇരിപ്പിടത്തെ താങ്ങിക്കൊണ്ടുള്ള രണ്ടു കൈപ്പിടികൾ ഓരോ വശത്തും ഉറപ്പിച്ചിരുന്നു. ഓരോ കൈപ്പിടിയുടേയും അഗ്രത്തു് ഓരോ സിംഹം നിന്നിരുന്നു. ഇരുവശങ്ങളിലുമുള്ള ആറു പടികളിൽ പന്ത്രണ്ടു് ചെറുസിംഹങ്ങളും നിന്നിരുന്നു. ഇതു മഹത്തരമായ പന്നി ഒരു രാജ്യത്തും ചെയ്തിരുന്നില്ല.'' സോളമൻ മിശിഹായുടെ പ്രതികമായിരുന്നെങ്കിൽ ദന്തത്തിലും സ്വർണ്ണത്തിലും നിർമ്മിച്ച അഭ്രേഹത്തിന്റെ സിംഹാസനം മറിയത്തിന്റെ പ്രതീകമാണു്. കാരണം, അവളുടെ കൈകളിലാണു് സപ്തഭ്രലോകങ്ങളുടെ രാജാവു് സിംഹാസനാരൂഢനായതു്. അവളുടെ മടിയിലിരുന്നാണു് ആദ്യമായി അങ്ങു ലോകത്തെ അഭിവീക്ഷിച്ചതു്.

"ദിർഘദർശി കണ്ട മുംപ്പൈടിയേ, നിനക്കു സ്വസ്തി."
(മൂശ കണ്ട എരിയുന്ന മുൾപ്പടർപ്പേ, നിനക്കു സ്വസ്തി.)

ഈജിപ്തിലെ പ്രവാസത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനം പുറപ്പെട്ട ചരിത്രം ഈ ജ്വലിക്കുന്ന മുൾപ്പടർപ്പിന്റെ ദർശനത്തോടെയാരംഭിക്കുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ ഈ ചരിത്രം കൊടുത്തിട്ടുണ്ടു് (iii.2). "അപ്പോൾ കർത്താവു് ഒരു മുൾപ്പടർപ്പിനുള്ളിൽ നിന്നു് അഗ്നിജ്വാലയിൽ അവനു കാണപ്പെട്ടു. മുൾപ്പടർപ്പിൽ തീ കത്തുന്നതായും എന്നാൽ മുൾപ്പടർപ്പു് ദഹിക്കാതിരിക്കുന്നതായും അവൻ കണ്ടു." ജ്വലിക്കുന്ന മുൾപ്പടർപ്പിന്റെ ഈ ചിത്രത്തിൽ നമ്മുടെ നാഥയുടെ പല പ്രതീകങ്ങളും സഭാപിതാക്കന്മാർ കാണുന്നുണ്ടു്. ഡബ്ലിയു. ബട്ലർദിന്റെ അഭിപ്രായം "മുൾപ്പടർപ്പു് കത്തിയിരുന്നുവെങ്കിലും എരിഞ്ഞുപോയില്ല. ഇതുപോലെതന്നെ കന്യക ലോകത്തിന്റെ പ്രകാശത്തിനു ജന്മം കൊടുത്തു. എന്നാൽ അവൾ ദഹിച്ചില്ല." കാനോനനമസ്കാരത്തിൽ നാം വായിക്കുന്നു: "എരിഞ്ഞുപോകാത്തതായ മുൾപ്പടർപ്പു് മൂശെ കണ്ടതുപോലെ പരിശുദ്ധയായ ദൈവജനനീ, നിന്റെ അത്ഭുതകരമായ കന്യാത്വവും സംരക്ഷിക്ക

പ്പെട്ടതായി ഞങ്ങൾ കണ്ടിരിക്കുന്നു." കൂടാതെയും, തന്റെ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു രക്ഷിക്കുവാൻ ദൈവം മോശയോട് കല്പിച്ചതു് ജ്വലിക്കുന്ന മുൾപ്പടർപ്പിൽ നിന്നുകൊണ്ടാണു്. പാപത്തിന്റെ ദാസ്യവൃത്തിയിൽനിന്നുള്ള മനുഷ്യന്റെ വിമുക്തിയാകട്ടെ, മാലാഖാ മറിയത്തിനു നൽകിയ സന്ദേശത്തോടെയാണു് ആരംഭിച്ചതു്.

വിചിത്രമായ മേഘവില്ലു്. (മലയാളം ഒപ്പീസു്. P. 14)

ദൈവം മനുഷ്യകുലത്തിനു നൽകിയ വാഗ്ദാനത്തിന്റെ ശാശ്വത സ്മാരകമാണു് മഴവില്ലു്. ഇനി ഒരിക്കലും പ്രളയംകൊണ്ടു ഭൂമിയെ നശിപ്പിക്കയില്ലെന്നുള്ള പ്രതിജ്ഞയുടേയും അടയാളമാണതു്. ജലപ്രളയത്തിനുശേഷം നോഹു പെട്ടകത്തിൽനിന്നു പുറത്തു വന്നപ്പോൾ ദൈവം അവനോടു അരുളിച്ചെയ്തു: "മേഘങ്ങളിൽ എന്റെ വില്ലു് ഞാൻ സ്ഥാപിച്ചു. അതു ഞാനും ഭൂമിയും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായിരിക്കും. ഭൂമിയുടെ മീതെ മേഘങ്ങളെ ഞാൻ കയറുകയും, മേഘങ്ങളിൽ വില്ലു കാണപ്പെടുകയും ചെയ്യുമ്പോൾ, ഞാനും നിങ്ങളും തമ്മിലും എല്ലാ ജഡങ്ങളും തമ്മിലുമുള്ള എന്റെ ഉടമ്പടി ഞാൻ ഓർക്കും. എല്ലാ ജഡത്തെയും നശിപ്പിക്കുന്നതിനായി പ്രളയത്തിന്റെ വെള്ളം ഇനി ഒരിക്കലും ഉണ്ടാകയില്ല" (സൃഷ്ടി 9,13_15). കൊടുങ്കാറ്റിനുശേഷം ആകാശത്തു് പ്രത്യക്ഷമാകുന്ന വിവിധവർണ്ണാങ്കിതവും മനോഹരവുമായ മഴവില്ലിനെക്കാൾ വിസ്മയാവഹമായ, പരിശുദ്ധ കന്യകയുടെ ഒരു പ്രതിരൂപം മറ്റെവിടെ കാണാൻ കഴിയും? അതു് സമാധാനത്തിന്റെ മണിനാദമാണു്, ശാന്തിയുടെയും പൂർണ്ണ സന്തോഷത്തിന്റെയും അച്ചാരമാണു്. രക്ഷകനു ജന്മംകൊടുത്തപ്പോൾ കലുഷിതമായിരുന്ന ഭൂമുഖത്തു് നമ്മുടെ നാഥ സമാധാനവും പ്രത്യാശയും കൊണ്ടുവന്നു. അങ്ങനെ ദൈവത്തിനു നമ്മോടുള്ള കരുണയുടെ അച്ചാരമായി അവൾ എന്നും നിലകൊള്ളുന്നു. അങ്ങു് അവളെ വീക്ഷിക്കുന്ന മാത്രയിൽ പാപികളോടുള്ള അങ്ങയുടെ കോപം ശമിക്കുന്നു. നമ്മുടെ ജീവനും പ്രത്യാശയുമാണവൾ.

പുഷ്പമുടി ധരിച്ച ജെസ്സെയുടെ ദണ്ഡേ, നിനക്കു സ്വസ്തി.

ഈ വാക്യത്തിന്റെ ലത്തീൻ മൂലത്തെ "പുഷ്പിച്ച വടിയേ, നിനക്കു സസ്തി" എന്നാണ് സാധാരണ പരിഭാഷപ്പെടുത്തുന്നതു്. ഭൂരിപക്ഷം വ്യാഖ്യാതാക്കളും ഇവിടെ അഹറോന്റെ പുഷ്പിച്ച വടിയിലേയ്ക്കുള്ള സൂചനയാണു കാണുന്നതു്. അതിന്റെ പ്രത്യേക കാരണം വിശുദ്ധ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിൽ കൊടുത്തിരിക്കുന്ന താഴെ കാണുംപ്രകാരമുള്ള കുറിപ്പാണ്: "ഇപ്രകാരം അത്ഭുതകരമാംവിധം കായിച്ച അഹറോന്റെ ഈ വടി കന്യാത്വത്തിനു കോട്ടം വരാതെ തന്റെ പുത്രനെ ഗർഭം ധരിച്ചു പ്രസവിച്ചു പരിശുദ്ധ കന്യകയുടെ ഒരു പ്രതിരൂപമാകുന്നു."

ഈ സംഭവം 'സംഖ്യകളുടെ പുസ്തക'ത്തിൽ കൊടുത്തിട്ടുണ്ട്. (XVII). യഹൂദപ്രമാണികളിൽ ചിലർ അഹറോന്റെ നേരെ അസൂയാലുക്കൾ ആയിരുന്നു. അവർ പ്രധാന പൌരോഹിത്യപദവിയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു സംബന്ധിച്ചു് തർക്കിക്കുവാൻ തുടങ്ങി. ദൈവം അവരുടെ പിറുപിറുപ്പു്, താഴെ വരും പ്രകാരം, ഏവർക്കും അറിയത്തക്കവണ്ണം നിശ്ശബ്ദമാക്കി. ഓരോ വംശത്തിനും ഓരോൻ വീതം, (അങ്ങനെ) പന്ത്രണ്ടു വടികൾ ക്ഷേത്രത്തിൽ വയ്ക്കണമെന്നു് കർത്താവു കല്പിച്ചു. ഓരോന്നിലും അതതു ഗോത്രത്തിന്റെ പേർ കൊത്തപ്പെട്ടിരുന്നു. ഇവയോടുകൂടി അഹറോന്റെ വേണ്ടി ഒരെണ്ണം വയ്ക്കപ്പെട്ടു. "ഇവരിൽ ആരെ ഞാൻ തെരഞ്ഞെടുക്കുന്നുവോ അവന്റെ വടി പുഷ്പിക്കും" എന്നു് കർത്താവു് അരുളിച്ചെയ്തു. അടുത്ത ദിവസം അഹറോന്റെ വടി മൊട്ടിട്ടിരിക്കുന്നതായി മൂസ കണ്ടു. മൊട്ടുകൾ വികസിച്ചു് പുഷ്പങ്ങളായിത്തീർന്നതായും അവ ഇലകൾ വിരിച്ചു് ബദാംഫലം കായ്ച്ചിരിക്കുന്നതായും അദ്ദേഹം ദർശിച്ചു. എന്നാൽ നാം ഉപയോഗിക്കുന്ന ചെറിയ ഒപ്പീസിന്റെ തജ്ജിമ ദാവീദിന്റെ പിതാവായ ജെസ്സെയുടെ രൂപകാത്മത്തിലുള്ള വടിയെ അഥവാ വംശവഴിയെയാണു് കൂടുതൽ ശരിയായി ഇവിടെ സൂചിപ്പിക്കുന്നതു്. അദ്ദേഹം തലവനായി

രുന്ന കുടുംബം അഥവാ ശാഖ മിശിഹായെക്കുറിച്ചുള്ള വാങ്മാനം ഉരിക്കൊണ്ടിരുന്നു; മിശിഹാ പിറന്ന ക്ഷണത്തിൽ അതു പുഷ്പമായി വികസിച്ചു. ഇങ്ങനെ മറിയത്തെ ജെസ്സേയുടെ പുഷ്പിച്ച വടി എന്നു വിളിക്കുന്നു. കാരണം, അവളിൽനിന്നാണു രക്ഷകൻ ജനിതനായതു്. ജറുസലമിലെ വി. കുറില്ലോസ് രണ്ടു തജ്ജിമകളും കൂടി താഴെ വരും പ്രകാരം യോജിപ്പിക്കുന്നു: "അഹറോന്റെ അനുഗ്രഹിക്കപ്പെട്ട വടിയേ, സത്യമായി നീ (അല്ലയോ മറിയമേ,) വടിയും, നിന്റെ പുത്രൻ പുഷ്പവും ആയിരുന്നു. കാരണം, ദാവീദിന്റെയും ശ്ലോമോന്റെയും ചേരിൽനിന്നു ഞങ്ങളുടെ സ്രഷ്ടാവായ മിശിഹാ മുളയെടുത്തു."

ഉണങ്ങി വരണ്ട ഭൂമിയിൽ സ്വർഗ്ഗീയ മഞ്ഞുതുള്ളികൊണ്ടു നനഞ്ഞ ആട്ടിൻരോമമേ, നിനക്കു സ്വസ്തി!

ദൈവതിരുമുൻപിൽ പാപം ചെയ്ത ഇസ്രായേൽമക്കൾ എപ്രകാരം മെദിയാൻകാരുടെ കൈകളിൽ ഏല്പിക്കപ്പെട്ടുവെന്നും ഏഴു വർഷത്തേയ്ക്കു് എത്ര ദയനീയമാംവണ്ണം ഞെരുക്കപ്പെട്ടുവെന്നും 'ന്യായാധിപന്മാരുടെ പുസ്തകത്തിൽ ആറാമദ്ധ്യായത്തിൽ നാം വായിക്കുന്നു. ദൈവം തന്റെ ജനത്തെ സ്വതന്ത്രമാക്കുവാൻ ഗദയോനെ നിയമിച്ചു. എന്നാൽ ഗദയോൻ പറഞ്ഞു: "കണ്ടാലും! എന്റെ കുടുംബം മനസ്സെസ് ഗോത്രത്തിൽ ഏറ്റവും അധഃപതിച്ചതാണു്. ഞാനോ, എന്റെ അപ്പന്റെ ഭവനത്തിലെ ഏറ്റവും നിസ്സാരനുമാണു്." എന്നിട്ട് കർത്താവിൽനിന്നു ഒരടയാളം ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: "നീ ഇസ്രായേലിനെ എന്റെ കൈയ്യാൽ രക്ഷിക്കുമെങ്കിൽ.....ഞാൻ ഈ ആട്ടിൻരോമം തറയിലിടും; ആട്ടിൻരോമത്തിന്മേൽ മാത്രം മഞ്ഞു് ഉണ്ടായിരിക്കുകയും (അതിനു) സമീപമുള്ള തറ മുഴുവൻ ഉണങ്ങിയിരിക്കുകയും ചെയ്യുമെങ്കിൽ, നീ എന്റെ കൈയ്യാൽ.....ഇസ്രായേലിനെ രക്ഷിക്കുമെന്നു ഞാൻ അറിയും." അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. പുലർച്ചയ്ക്കു മുൻപേ എഴുന്നേറ്റ് അവൻ ആട്ടിൻരോമം പിഴിഞ്ഞു് ഒരു പാത്രം മഞ്ഞുകൊണ്ടു നിറച്ചു.

പുരാതനപിതാക്കന്മാരായ വി. അപ്രേം, വി. അംബ്രോസീസ്, വി. സൊഫ്രോണിയസ് എന്നിവർ നമുക്ക് വിശദമാക്കിത്തന്നിട്ടുണ്ട്, ശൈശോന്റെ ആട്ടിൻരോമം എപ്രകാരം നമ്മുടെ ഭാഗ്യപ്പെട്ട മാതാവിന്റെ ഒരു സാദൃശ്യമാകുന്നുവെന്ന്. ആട്ടിൻരോമത്തിന്മേൽ വീഴുന്ന മഞ്ഞ് ദൈവവചനത്തിന്റെ മനുഷ്യാവതാരത്തിന്റെയും പരിശുദ്ധ കന്യകയുടെ ഉദരത്തിലേയ്ക്കുള്ള ആഗമനത്തിന്റെയും സാദൃശ്യമാണെന്നാണ് അവർ പറയുന്നത്. തദനുസരണം, ക്രേദനാചാരത്തിരുനാളിലെ കാനോനനമസ്കാരത്തിൽ നാം ഈ വാക്കുകൾ കാണുന്നു: "അവിടുന്ന് ഒരു കന്യകയിൽ നിന്ന് അത്ഭുതകരമാം വണ്ണം ജനിച്ചപ്പോൾ വി. ഗ്രന്ഥത്തിലെ വാക്കുകൾ നിറവേറി "മഴപോലെ ആട്ടിൻരോമത്തിലേയ്ക്ക് അവിടുന്ന് ഇറങ്ങിവന്നു, മനുഷ്യവംശത്തെ രക്ഷിപ്പാൻ."

ആട്ടിൻരോമത്തിന്മേൽ വീണ മഞ്ഞിനെ മാതാവിന്റെ അമലോത്ഭവത്തോട് സാദൃശ്യപ്പെടുത്താം. കാരണം, അവളുടെ ചുറ്റും എല്ലാം ഉണങ്ങിവരണ്ടിരിക്കെ അവളിൽ മാത്രം ഈ മഹാവരം വർഷിക്കപ്പെട്ടു. ശൈശോൻ തന്നെത്തന്നെ അദ്ദേഹത്തിന്റെ അപ്പന്റെ വീട്ടിലെ ഏറ്റവും നിസ്സാരനെന്നു വിളിച്ചതിലും നാം മാതാവിന്റെ ഒരു പ്രത്യേക സാദൃശ്യം ദർശിക്കുന്നില്ലേ? അവിടം സ്വയം കർത്താവിന്റെ ദാസി എന്നു വിളിച്ചു. അവളുടെ സ്തോത്രഗീതത്തിൽ (മഞ്ഞിഫിക്കാത്തിൽ) എങ്ങനെ കർത്താവ് ശക്തന്മാരെ അവരുടെ സിംഹാസനങ്ങളിൽ നിന്നും തട്ടിത്താഴെയിട്ട് എളിയവരെ ഉയർത്തി എന്നു അവിടം പറയുന്നുണ്ട്. ദൈവം അവിടത്തെ നിശ്ചയങ്ങളെ പ്രാവർത്തികമാക്കുവാൻ എപ്പോഴും എളിമയും ശാന്തതയുമുള്ളവരെ തെരഞ്ഞെടുക്കുന്നു.

സാംസൺ കണ്ട തേൻകൂടേ, നിനക്കു സ്വസ്തി.

ഈ മനോഹരമായ പ്രതിരൂപം പാട്ടുവായിലെ വി. അന്തോനീസിന്റെ വാക്കുകളാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്: "അധരങ്ങൾക്കു തേൻകൂടിനെക്കാൾ മധുരമാണ് മറിയത്തിന്റെ നാമം.

കാതുകൾക്കു് അതു വിശിഷ്ടമായ ഗാനത്തെക്കാൾ ഇമ്പകരമാണു്; ഹൃദയത്തിനു് ആ നാമം നിർമ്മലമായ സന്തോഷത്തെക്കാൾ ആനന്ദദായകമാണു്." ന്യായാധിപന്മാരുടെ പുസ്തകത്തിൽ തേൻകൂടിനേയും സാംസനേയും സംബന്ധിച്ചു കഥ വിവരിക്കുന്നുണ്ടു് (XIV, 5 Sq): "അപ്പോൾ സാംസൺ സ്വമാതാപിതാക്കളോടുകൂടി തംനാത്തായിലേയ്ക്കു പോയി. അവർ പട്ടണത്തിലെ മുന്തിരിത്തോട്ടങ്ങളിൽ വന്നപ്പോൾ ഒരു യുവസിംഹം ശൌര്യത്തോടെ അലറിക്കൊണ്ടു് അയാളുടെ നേരെ വന്നു. കർത്താവിന്റെ അരൂപി സാംസണിൽ ആവസിക്കുകയും, അയാൾ സിംഹത്തെ ചീന്തിക്കളയുകയും ചെയ്തു.... പിന്നെ കുറെ ദിവസങ്ങൾക്കു ശേഷം മടക്കത്തിൽ.....സിംഹത്തിന്റെ ശരീരാവശിഷ്ടങ്ങൾ കാണുവാൻ അയാൾ ചെന്നു. അവിടെ സിംഹത്തിന്റെ വായിൽ ഒരു കൂട്ടം തേനീച്ചകളും ഒരു തേൻ റാഗലും അയാൾക്കു ദൃശ്യമായി. സ്വന്തമരണത്താൽ പരിത്രാണകർമ്മത്തിന്റെ മധുരഫലങ്ങളെ നമുക്കായി നേടിത്തന്ന മിശിഹായുടെ യൂദാവംശത്തിൽ നിന്നുള്ള സിംഹത്തിന്റെ ഒരു പ്രതിരൂപമായി സാംസൺ വധിച്ച സിംഹത്തെ കണക്കാക്കാവുന്നതു്. നമ്മുടെ ജീവനും മാധുര്യവും പ്രത്യാശയുമായ പരിശുദ്ധ കന്യകയോടു തേൻ റാഗലും സാദൃശ്യം വഹിക്കുന്നു. ശോകാത്മകമായ ജീവിതായോധനത്തിൽ നമ്മുടെ പ. അമ്മയെ ശരണംഗമിച്ചുവരിൽ ആരാണു് അവളുടെ മാധുര്യം ആസ്വദിച്ചറിയാത്തവരായിട്ടുള്ളതു്?

എമ്മാനുവേലിന്റെ അനുഗ്രഹീതമായ വാതിലേ,
നിനക്കു സ്വസ്തി.

ലത്തീൻ മൂലത്തിന്റെ കുറെക്കൂടി പദാനുപദമായ വിവർത്തനം ഏതാണ്ടിങ്ങനെയാണു്: "ദൈവികത്വത്തിന്റെ അടയ്ക്കപ്പെട്ട വാതിൽ." ചെറിയ ഒപ്പീസിന്റെ നിർമ്മാതാവു് പരിശുദ്ധ കന്യകയെ ഉദ്ദേശിച്ചു് ഏസക്കിയേൽ ദീർഘദർശിയുടെ വാക്കുകളാവർത്തിക്കുകയാണു്: "ഈ വാതിൽ അടയ്ക്കപ്പെട്ടിരിക്കും; അതു് തുറക്കപ്പെടുകയില്ല. ഒരു മനുഷ്യനും അതുവഴി കടക്കുകയുമില്ല. എന്തുകൊണ്ടെ

ന്നാൽ, കർത്താവു്—ഇസ്രായേലിന്റെ ദൈവം — അതുവഴി അകത്തു പ്രവേശിച്ചു; രാജകുമാരനുവേണ്ടി അതടയ്ക്കപ്പെട്ടിരിക്കുക തന്നെ ചെയ്യും" (എസ. Xliv,2). പ്രവാചകനു് അസാധാരണമായ ഒരു ദർശനം ഉണ്ടായി. എന്തെന്നാൽ കിഴക്കോട്ടുള്ള വാതിലിലൂടെ കർത്താവു് വിശുദ്ധ സ്ഥലത്തു പ്രവേശിക്കുന്നതു് അദ്ദേഹം കണ്ടു. "അതിനുശേഷം ഞാൻ ദർശിച്ചു: അതാ, കർത്താവിന്റെ ദേവനം അവിടത്തെ മഹത്വം കൊണ്ടു നിറഞ്ഞു." ഈ പ്രത്യക്ഷത്തിന്റെ ഓർമ്മയ്ക്കായി കർത്താവു പ്രവേശിച്ച വാതിൽവഴി ആരും കടന്നു പോകാതെ അതു് എന്നും അടയ്ക്കപ്പെട്ട കിടക്കേണ്ടിയിരുന്നു. വി. ആഗസ്തീനോസ് ഈ വാക്കുകൾ പരിശുദ്ധ കന്യകയെ സംബന്ധിച്ചു് വ്യാഖ്യാനിക്കുന്നതു് ഇപ്രകാരമാണു്: "അടയ്ക്കപ്പെട്ടിരിക്കുന്ന വാതിൽ ശുദ്ധതയുടെ മുദ്രയാണു്, നിഷ്കളങ്കമായ അവളുടെ ശരീരത്തിന്റെ പൂർണ്ണതയാണു്; എന്തെന്നാൽ, ഒരു പുത്രനെ ഗർഭംധരിക്കുകമൂലം കന്മഷ (അശുദ്ധ)യാകുക എന്നതിനേക്കാൾ അദ്ദേഹത്തെ ഉദരത്തിൽ വഹിക്കുകമൂലം അവൾ വിശുദ്ധീകൃതയാകുകയാണു ചെയ്തതു്."' സ്വപുത്രന്റെ ജനനത്തിനുശേഷവും മുൻപേപോലെ തന്നെ കന്യകയായിരുന്ന പരിശുദ്ധ കന്യകയുടെ തിരുഉദരത്തോടു് അടയ്ക്കപ്പെട്ട വാതിലിനുള്ള വിസ്മയകരമായ സാദൃശ്യം വിശുദ്ധ ഈരാനിമോസും മറ്റു വിശുദ്ധന്മാരും കാണുന്നുണ്ടു്. മനോഹരമായ ഈ യാമത്തിന്റെ അവസാനത്തെ രണ്ടു പാദങ്ങളിൽ ചെറിയ ഒപ്പീസിന്റെ നിർമ്മാതാവു് പരിശുദ്ധ കന്യകയുടെ പ്രതിരൂപങ്ങളുടെ അനുചിന്തനത്തിൽ നിന്നും മറിയത്തിലേയ്ക്കു തന്നെ തിരിഞ്ഞിരിക്കുകയാണു്. അവളിലാണു് നാം ഇതുവരെ കണ്ട പ്രവചനങ്ങളെല്ലാം നിറവേറിയിരിക്കുന്നതു്. അവ്യക്തമായ മുൻനിഴലിന്റെ ഭീഷ്മിയാണവിടം; "മനുഷ്യത്വത്തിന്റെ മൂശയിൽ അമലയായി, സൌന്ദര്യാകാരമായി തീർക്കപ്പെട്ട ഏകവ്യക്തി."

"എന്റെ അധിവാസം അത്യുന്നതങ്ങളിലാകുന്നു; എന്റെ സിംഹാസനം മേഘങ്ങളിലും" (XXIV, 7) എന്നു്, കീർത്തനം കഴിഞ്ഞു വരുന്ന വാക്യവും പ്രതിവാക്യവും ബർസീറാ (XXIV, 7)

യിൽ നിന്നും എടുത്തവയാണ്. ഇതിലെ വാക്കുകൾ പ്രധാനമായി വാനമേഘങ്ങളിൽ വസിക്കുന്ന നമ്മുടെ കർത്താവായ മിശിഹായെയാണ് സൂചിപ്പിക്കുന്നത്. എങ്കിലും നമ്മുടെ നാഥയെക്കുറിച്ചും ഇതുതന്നെ പറയാവുന്നതാണ്. സ്വന്തമഹത്വവും പ്രതാപവും മറച്ചുകൊണ്ട് സ്വർഗ്ഗരാജൻ അവളുടെ ഉദരത്തിൽ വാനമേഘങ്ങളിലെന്നപോലെ വസിച്ചുവല്ലോ. വി. ഐനവെന്തുരാ പ്രസ്താവിക്കുന്നു: "മറിയം ഒരു മേഘത്തുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ, അവൾ ദൈവകോപത്തിന്റെ അഗ്നിതുല്യമായ ഉഷ്ണത്തിൽ നിന്നും പൈശാചിക പരീക്ഷകളുടെ ഭയാനകമായ അഗ്നിയിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു."

ആറാം യാമം

കാർഡിനൽ ന്യൂമാൻ വി. ഫിലിപ്പു നേരിയെപ്പറ്റി പറയുകയാണ്, അദ്ദേഹത്തിന്റെ അധരങ്ങൾ സദാ മറിയനാമം ഉരുവിട്ടിരുന്നുവെന്ന്. അത്ര ഉജ്ജ്വലത്തായിരുന്നു വി. ഫിലിപ്പിനു പ. കന്യകയോടുള്ള ഭക്തി. "കന്യകമാതാവേ!" അതായിരുന്നു അവളുടെ ബഹുമാനാത്മം അദ്ദേഹം ജപിച്ചുവന്ന പ്രിയംകരമായ സുകൃതജപങ്ങളിൽ ഒന്ന്. മറിയത്തിനു നല്കുവുന്ന എല്ലാ സ്തുതികളും ഈ വാക്കുകളിൽ നിക്ഷിപ്തമായിട്ടുണ്ടെന്നു അദ്ദേഹം പറയുമായിരുന്നു. യഥാർത്ഥത്തിൽ നമ്മുടെ നാഥ ഉന്നതവും നിസ്തുലവുമായ ഒരു വരം പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു് നിത്യകന്യാത്വത്തോടു യഥാർത്ഥ മാതൃത്വം യോജിച്ചു നില്ക്കുന്നതിൽ അടങ്ങിയിരിക്കുന്ന മഹിമാവാണ്.

..... ത്രിത്വൈകദൈവം അവളുടെ ഹൃദയത്തിൽ ഒരിക്കൽ സ്വർഗ്ഗംവിട്ടിറങ്ങി അതിഥിയായി വസിച്ചു.

സോളമന്റെ ഗംഭീരമായ ദേവാലയം പ. ത്രിത്വത്തിന്റെ ആലയമായിരുന്നു. പക്ഷെ, ദൈവവചനം പ. കന്യകയിൽനിന്നും മാംസം ധരിച്ചു് അവളുടെ ഹൃദയത്തിൽ വസിച്ചപ്പോൾ, അ

യം സോളമന്റെ ദേവാലയത്തേക്കാൾ കൂടുതൽ അത്ഭുതമായ വിധം പ. ത്രിത്വത്തിന്റെ ആലയമായിത്തീർന്നു. സാത്വികമായ യോജിപ്പുവഴി രണ്ടാം ആദം മാതൃമേ മാതൃപുത്രബന്ധത്തിന്റെ അടിസ്ഥാനത്തിൽ മറിയത്തിൽ സന്നിധിചെയ്തിരുന്നുള്ളുവെന്നതു് തികച്ചും വാസ്തവമാണു്. പക്ഷെ, അതേസമയം അവളുടെ ആത്മാവിൽ കവിഞ്ഞൊഴുകിയ വിശുദ്ധീകരണപ്രസാദവരത്തിൽ, പിതാവും പരിശുദ്ധാത്മാവും അവരുടെ പ്രവർത്തനം പ്രത്യക്ഷമാക്കി. ഇങ്ങനെ മറിയം അത്യന്നതന്റെ ജീവിക്കുന്ന ദേവാലയമായി പകർന്നു. ആരാധ്യമായ ത്രിത്വമാകട്ടെ, ഈ ദേവാലയത്തെ ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ മനോഹരദാനങ്ങളാലും മനോജ്ഞമാക്കി. കാരണം, അവൾ ദൈവപിതാവിന്റെ പ്രിയപ്പെട്ട പുത്രിയും ഏകജാതനായ പുത്രന്റെ മാതാവും പരിശുദ്ധാത്മാവിയുടെ മണവാട്ടിയുമായിരുന്നു. മറിയത്തിന്റെ സ്ഥാനഔന്നത്യത്തെപ്പറ്റി ഏകദേശജ്ഞാനം ലഭിക്കണമെങ്കിൽ, വി. ബൊനവെന്തുരായുടെ വാക്കുകൾ ശ്രവിച്ചാൽ മതി. അദ്ദേഹം പറയുന്നു: "ദൈവത്തിനു് ഇക്കാണുന്ന വിശ്വത്തേക്കാൾ മഹത്തരമായ മറെറാരു ലോകത്തെയോ ശ്രേഷ്ഠതരമായ സ്വർഗ്ഗത്തെയോ സൃഷ്ടിക്കുമായിരുന്നു. എന്നാൽ ദൈവമാതാവിനേക്കാൾ ശ്രേഷ്ഠയായ ഒരമ്മയെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ലായിരുന്നു."

"നീ അനുഗ്രഹിതരായ മാലാഖമാരുടെ ആനന്ദവിഷയമാണു്. നിന്നിൽ മാലാഖമാർ ആഹ്ലാദം കണ്ടെത്തുന്നു" എന്നു വി. ബർണ്ണാർഡു് ഉദ്ഘോഷിക്കുന്നു. ദൈവഭൂതന്മാരുടെ ആനന്ദമാണു് മറിയം; കാരണം, അവൾ അവരുടെ രാജാവിന്റെ മാതാവും ദൈവത്തിന്റെ പരിശുദ്ധ സൃഷ്ടികളിൽ ഏറ്റവും പരിപൂർണ്ണയുമാണു്. സ്വർഗ്ഗാരോപണവേളയിൽ മാലാഖമാരുടെ കരപല്ലവങ്ങളാണു് അവളെ ഉന്നതത്തിലേയ്ക്കു് സംവഹിച്ചതു്. "മരുഭൂമിയിൽനിന്നും സാനന്ദം ഇങ്ങോട്ടെഴുന്നള്ളുന്ന ഇവൾ ആരാകുന്നു?" എന്ന ഗാനം ഗഗനമണ്ഡലം മുഖരിച്ചു.

ഒരു അകത്തോലിക്കാ കവിയായ ലോംഗ്ഫെലോ, ഉന്നതശിഷ്ടരായ മറ്റു എല്ലാ കലാകാരന്മാരെയുംപോലെ മറിയത്തിൽനിന്നും പ്രചോദനം സ്വീകരിച്ചു", അവളുടെ ബഹുമാനാർത്ഥം രചിച്ച ഒരു ചെറുകവിതയിൽ ഇങ്ങനെ പാടുന്നു: "അല്ലയോ നാഥേ, ഉന്നതത്തിലേയ്ക്കുയർന്നുള്ളിയ നിന്നെ സ്വർഗ്ഗകവാടങ്ങൾ ആഹ്ലാദപൂർവ്വം സ്വീകരിക്കുന്നു; പ്രകാശപൂരിതരായ മാലാഖമാർ നിനക്കു് അകമ്പടി സേവിക്കുന്നു; നിന്റെ ജനനം മുതൽ നിന്നെ സേവിച്ചിരുന്ന വരാണവർ. അവരുടെ കരങ്ങൾ നക്ഷത്രങ്ങൾകൊണ്ടു് നിന്നെ മൂടി ചൂടിക്കുകയും ചെയ്തു."

മറിയത്തിന്റെ നേർക്കു് മാലാഖമാർ പ്രദർശിപ്പിച്ച ബഹുമാനാദരങ്ങളെ തെളിയിക്കുന്ന മനോഹരങ്ങളായ ധാരാളം പാരമ്പര്യങ്ങളുണ്ടു്. മാലാഖമാരുടെ നാഥയായ മറിയത്തിന്റെ "പോർസിങ്കുള" എന്ന കപ്പേളയിൽ വാനവഗണം മറിയത്തിന്റെ സ്തുതികൾ പാടുന്നതു് വി. ഫ്രാൻസിസ് അസ്സീസി ശ്രവിച്ചിട്ടുണ്ടത്രെ. അതുപോലെതന്നെ 590-ൽ ഒരു സാംക്രമിക മഹാരോഗത്തിൽനിന്നു വിമുക്തി പ്രാപിക്കുവാനായി നടത്തിയ പരിഹാരപ്രദക്ഷിണസമയത്തു് Regina Caeli എന്ന ഗാനം മന്ദ്രമധുരമായി ആലപിക്കുന്ന മാലാഖമാരുടെ സ്വരം കേട്ടതായി വി. ഗ്രിഗരിയുടെ ജീവചരിത്രത്തിൽ വിവരിച്ചിട്ടുണ്ടു്. ദൈവമാതാവുകൂടി സന്നിഹിതയായിരുന്ന മാലാഖാമാരുടെ ഒരു ഗായകസംഘത്തിൽ ചേർന്നുകൊണ്ടു് ഫേലിക്സ് വാളുവാ എന്ന വിശുദ്ധൻ അവളുടെ ഒപ്പീസ് പാടിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

ശുദ്ധതയുടെ രഹസ്യനികേതനം.

ഇവിടെ, ഏറ്റവും നിർമ്മലകന്യകയായ മറിയത്തെ ഒരു പുണ്യസ്ഥലത്തോടു് (Shrine)—പാപത്തിനു പ്രവേശിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു രഹസ്യഗ്രോട്ടോയോടു്—ആണു് സാദൃശ്യപ്പെടുത്തിയിരിക്കുന്നതു്. ദൈവകുമാരന്റെ ആ വിശുദ്ധാലയത്തെ അശുദ്ധതയുടെ ഒരു നേരിയ നിഴലിനുപോലും സ്പർശിക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ

മായി കന്യാത്വത്തിന്റെ വൈജയന്തി ഉയർത്തിയതു മറിയമാണ്. അവളുടെ ജനനസമയത്തു ലോകം സകലവിധ പാപങ്ങളുടേയും മാലിന്യത്തിൽ ആണ്ടുകിടക്കുകയായിരുന്നു. എന്നാൽ അവളുടെ മാതൃകമനുഷ്യനെ അധോഗതിയിലേയ്ക്കാഴ്ത്തുന്ന പാപങ്ങളിൽനിന്നും വിമോചിപ്പിക്കുവാൻ അനന്തരതലമുറകളിൽ എത്ര ശക്തിമത്തായ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളതു്.

ദുഃഖിതരുടെ ആശ്വാസമാണ് അവിടുന്നു്.

നമ്മുടെ സ്വർഗ്ഗീയമാതാവിനെ അഭിസംബോധന ചെയ്യുവാൻ നാം കൂടുതൽ ഇഷ്ടപ്പെടുന്ന നാമധേയമാണു് 'ദുഃഖിതരുടെ ആശ്വാസദായിക' എന്നതു്. ഉഗ്രമായ പരീക്ഷകളിൽപ്പെട്ടു് സമാശ്വാസത്തിനുവേണ്ടി ദാഹിച്ചിട്ടുള്ളവർക്കാണ് മറ്റാരുള്ളവരെ ഏറ്റവും എളുപ്പം സാന്ത്വനപ്പെടുത്തുവാൻ സാധിക്കുക. സങ്കടപ്പെടുന്നവരുടെ ആലംബമാണവർ. കാരണം, ലോകത്തിന്റെ പാപഭാരം മുഴുവൻ ഈശോ വഹിച്ചെങ്കിൽ, പാപങ്ങളുടെ ഫലമായ വ്യാകുലാധിക്യം പരിശുദ്ധ കന്യകയും സഹിച്ചു. ശിമെയോൻ പ്രവചിച്ച വാൾകൊണ്ടു് ഹൃദയം ഭേദിക്കപ്പെട്ട വ്യാകുലതകളുടെ ഈ മാതാവു് നമ്മുടെ ക്ലേശങ്ങളിൽ നമുക്കു സാന്ത്വനമരുളുവാൻ ഉൽക്കണ്ഠാപൂർവ്വം ഏപ്പോഴും സന്നദ്ധയായിരിക്കുന്നു.

'കണ്ടകലേശമില്ലാത്ത മനോഹരമായ ഉദ്യാനം.'

ആദിയിൽ ദൈവം മനോഹരവും ആനന്ദകരവുമായ ഒരു ഉദ്യാനം നിർമ്മിച്ചു. ഭക്ഷിക്കുവാൻ രസമുള്ള പഴങ്ങൾ നിറഞ്ഞ എല്ലാതരം വൃക്ഷങ്ങളും തഴച്ചുവളർന്നിരുന്ന പറുദീസയായിരുന്നു അതു്. നിഷ്കളങ്കതയുടെ നികേതനമായിരുന്ന ആ ഉദ്യാനം നമ്മുടെ ആദിമാതാപിതാക്കൾക്കു വേണ്ടി സൃഷ്ടിച്ചതായിരുന്നു. പക്ഷെ, ദൈവകല്പനയോടു മറുതലിച്ചതുകൊണ്ടു് അവർക്കതു നഷ്ടീഭവിച്ചു. ഏറ്റം മനോഹരവും സകല സന്തോഷങ്ങളുടേയും കേദാരവും ആയ ഏദൻതോട്ടം പ. കന്യകയുടെ ഒരു പ്രതീകമായി സഭാപിതാക്കന്മാർ കരുതുന്നു. രണ്ടാമത്തെ ഹവ്വായായ മറിയംതന്നെ വരേണ്ടിയിരുന്ന നഷ്ടപ്പെട്ട അതിന്റെ സൗന്ദര്യം വീണ്ടെടുക്കുവാൻ. ഈ

ഭൂത വഴിഞ്ഞൊഴുകുന്ന, കളങ്കമേശാത്ത അവളുടെ ഹൃദയം പാപപങ്കിലമായ ഈ ലോകത്തിൽ, ഉണങ്ങിവരണ്ട മരുഭൂമിയിലെ ഒരു ഓയസിസ് (മരുപ്പച്ച) പോലെയായിരുന്നു. സകല പുണ്യങ്ങളും പരിമളം വീശുന്ന കുസുമങ്ങൾപോലെ അതിൽ ധാരാളം വികസിച്ചിരുന്നു. ശുദ്ധതയുടെ ലില്ലിപുഷ്പവും ദൈവസ്നേഹത്തിന്റെ പനിനീർപൂവും ശാലീനതയുടേയും വിനയത്തിന്റേയും വയലറ്റും അവിടെ ഉണ്ടായിരുന്നു. അവ ദൈവതൃക്കണ്ണുകൾക്കുതന്നെ സന്തോഷം പ്രദാനം ചെയ്യുവാൻ തക്കവിധം അഴകേറിയവയും അത്യാകർഷകങ്ങളുമായിരുന്നു.

"രക്തസാക്ഷികളുടെ വിജയചിഹ്നം (Martyr's palm)
നിന്നാൽ സംവഹിക്കപ്പെട്ടു....."

പ്രചണ്ഡമാരുതനിലും അടിയിളകാതെ നയനാനന്ദകരമാംവിധം അംബരചുംബിയായി വളർന്നുനിൽക്കുന്ന പനയുണ്ടല്ലോ. അതിനെയാണ്, പ്രതികൂലസാഹചര്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ശക്തിയുടേയും, പ്രയാസങ്ങളുടെമേലുള്ള വിജയത്തിന്റേയും പ്രതീകമായി സാധാരണ കണക്കാക്കുന്നതു്. അതിന്റെ ശിഖരമത്രെ വിജയത്തിന്റെ പ്രതിഫലം. അതുകൊണ്ടാണ് വിശ്വാസത്തെ പ്രതി സഹിച്ചിട്ടുള്ളവർ രക്തസാക്ഷിത്വത്തിന്റെ ബഹുമതിയായി പനയുടെ ശിഖരം നേടിയെന്നു നാം പറയുന്നതു്. അതേ കാരണംകൊണ്ടുതന്നെ, "ഞാൻ കാദസിലെ പനപോലെ ഉയർത്തപ്പെട്ടു" എന്ന പ്രസംഗകന്റെ വാക്കുകളും രക്തസാക്ഷികളുടെ രാജ്ഞിയായ പ. കന്യകയെക്കുറിച്ചു് തിരുസ്സഭ ഉപയോഗിച്ചുവരുന്നു. ഏതൊരു രക്തസാക്ഷിയാണ് ഈ വ്യാകുലാംബികയേക്കാൾ ഉഗ്രമായ പീഡകളും സഹിച്ചിട്ടുള്ളതു്? നിരന്തരവും സുദീർഘവുമായ ഒരു രക്തസാക്ഷിത്വമായിരുന്നു പ. കന്യകയുടെ ഏഴു വ്യാകുലതകളും. കാൽവരിയിൽ, കുരിശിൻ ചുവട്ടിൽവച്ചു് അവ പരമകോടിയിലെത്തി.

അവിടുന്നു് വിരക്തിയുടെ ചേദോവൃക്ഷം (Cedar) ആകുന്നു.

കാഴ്ചയ്ക്കു് ഭംഗിയുള്ള വൃക്ഷങ്ങളിൽ ഏറ്റം പ്രൗഢിയുള്ളതു് സീഡാർ—പ്രത്യേകിച്ചു് ലിബനാനിലെ സീഡാർ—മരമായിരുന്നു.

"ഉയരത്തിൽ അവിടത്തെ മറെറല്ലാ വൃക്ഷങ്ങളേയും വെല്ലുന്നു" (Ezec.XXXI,5). ഈ വൃക്ഷം "ദൈവത്തിന്റെ സീഡാർ" (Ps. IXXIX,11) എന്നാണ് വിളിക്കപ്പെട്ടുന്നതു്. അതു നട്ടതും അവിടുന്നത്രെ (Ps. C III). അതു ശക്തിയുടെ അടയാളമാണ് (Ps. XXXVIII, 5); മറെറല്ലാററിനേയും പിന്നിലാക്കുന്ന വൈശിഷ്ട്യത്തിന്റേയും അടയാളമാണിതു് (Eccles. XXIV, 17). വിശുദ്ധിയിലും ശ്രേഷ്ഠതയിലും മറെറല്ലാ മനുഷ്യരേയും പിന്നിലാക്കുകയും അങ്ങനെ മറാക്കും പ്രാപ്യമല്ലാത്ത ഔന്നത്യം ദൈവത്തിൽനിന്നു പ്രാപിക്കുകയും ചെയ്ത പരിശുദ്ധ കന്യകയുടെ പ്രതീകം ഈ ഗുണങ്ങളിലെല്ലാം നമുക്കു കാണുവാൻ സാധിക്കും. അതിനും പുറമെ, സീഡാറിന്റെ തടി നാശത്തിനു വിധേയമല്ലാത്ത ഒന്നായിട്ടാണ് കരുതിയിരുന്നതു്. അതുകൊണ്ടു് യാതൊരു കോട്ടവും സംഭവിക്കാത്ത മറിയത്തിന്റെ കന്യാത്വത്തെ കവി സീഡാർ മരത്തോടു് ഉപമിക്കുന്നു.

നീ ആശീർവ്വദിക്കപ്പെട്ട ഭൂമിയാകുന്നു.

("പരിശുദ്ധമായ ഭൂമിയേ, നിനക്കു സ്വസ്തി" എന്നാണു മൂലത്തിൽ കാണുന്നതു്.)

ആദവും ഹവ്വായും ദൈവത്തിന്റെ ആജ്ഞ ലംഘിച്ചതുകൊണ്ടു് അവിടുന്നു കോപിച്ചു് ഭൂമിയെ ഇപ്രകാരം ശപിച്ചു: "നിന്റെ പ്രവൃത്തി കാരണം ഭൂമി ശപിക്കപ്പെട്ടതായിരിക്കും..... മുള്ളുകളും കൂർമുള്ളുകളും നിനക്കെതിരായി അതു പുറപ്പെടുത്തും." എങ്കിലും അവിടത്തെ കാരുണ്യാതിരേകംകൊണ്ടു് അവരുടെ സങ്കടം ലഘൂകരിച്ചു, ഒരു രക്ഷകനെ — സർപ്പത്തിന്റെ തലയെ തകർക്കുവാനിരിക്കുന്ന സ്ത്രീയുടെ സന്തതിയെ — വാഗ്ദാനംചെയ്തുകൊണ്ടു്. ലോകത്തിലേയ്ക്കുള്ള രക്ഷകന്റെ വരവു് ഏറ്റവും സമയമായിരിക്കുന്നു എന്നറിയിച്ചുകൊണ്ടു് ഗബ്രിയേൽ ദൈവദൂതൻ പ. കന്യകയെ അഭിവാദ്യം ചെയ്തപ്പോൾ ഈ വാഗ്ദാനം നിവർത്തിതമായി. ആരംഭത്തിൽ ദൈവം ഭൂമിയെ ശപിച്ചുവെങ്കിൽ, ഇപ്പോൾ മനുഷ്യനു് അവിടുന്നു നൽകുന്ന സന്ദേശം ഒരനുഗ്രഹത്തോടെയാണു തുടങ്ങുന്നതു്. "സ്ത്രീകളിൽ നീ അനു

ഗ്രഹീതയാകുന്നു." പാപത്തിന്നധീനയാകാത്ത ഏക സൃഷ്ടിയായ മറിയം ഉത്ഭവപാപത്തിൽനിന്നുകൂടി കാത്തുരക്ഷിക്കപ്പെട്ടു; അവൾ വിശുദ്ധഭൂമിയും ധന്യമായ ഈ ലോകത്തിലെ മരുപ്പച്ചയും ആയിരുന്നു. അങ്ങനെ ഒരു പുതിയ യുഗം സമാരബ്ധമായി. ശാപം പിൻവലിക്കപ്പെട്ടു. ഭൂമി അനുഗ്രഹീതമാവുകയും ചെയ്തു. അതിനാൽ നമ്മുടെ അമ്മയെ വിശുദ്ധഭൂമിയെന്ന യുക്തിപൂർവ്വം വിളിക്കാം—ഏറ്റവും മനോഹരകുസുമങ്ങൾ വിടർന്നു, രക്ഷയുടെ ഫലം പുറപ്പെടുവിച്ചു, പുണ്യഭൂമി! കത്തോലിക്കാ സഭയിൽനിന്നു് വളരെ അകലത്തിലായിരുന്നുവെങ്കിലും ദൈവമാതാവിന്റെ നിസ്തുലമഹത്വം യഥാർഹം ഗ്രഹിക്കുവാൻ സാധിച്ച ഷെല്ലിയുടെ വാക്കുകളാണു് ഈ അവസരത്തിൽ നമ്മുടെ ഓർമ്മയിൽ വരിക. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അവൾ "നിത്യശാപത്തിലെ ഏകാനുഗ്രഹം" ആയിരുന്നു.

".....വൈദികകർമ്മങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ടിരുന്ന പാവനമായ രാജ്യവിഭാഗം....."

(ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ഭൂമി.....)

ലത്തീൻ മൂലത്തിലെ Terra Sacerdotalis എന്ന പ്രയോഗത്തിനു പുരോഹിതഭൂമി എന്ന വിവർത്തനമാണു് കൂടുതൽ യോജിക്കുക. 'സംഖ്യകളുടെ പുസ്തക'ത്തിൽ, വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലെ ചില ഭാഗങ്ങൾ—എല്ലാംകൂടി 48 നഗരങ്ങൾ—പഴയ നിയമത്തിലെ പുരോഹിതന്മാരായ ലേവിയുടെ വംശജർക്കു നല്കിയിരുന്നതായി നാം വായിക്കുന്നുണ്ടു്. ഈ പ്രദേശങ്ങൾ പുരോഹിതഭൂമി എന്ന യുക്തിപൂർവ്വം വിളിക്കപ്പെട്ടിരുന്നു—ഇസ്രായേലിലെ പുരോഹിതന്മാരുടെ ഉപയോഗാർത്ഥം നല്കപ്പെട്ട പ്രദേശങ്ങൾ. നമ്മുടെ അനുഗ്രഹീതയായ മാതാവിനെ ഈ പുരോഹിതഭൂമിയോടു് ഉപമിച്ചിരിക്കുകയാണു്. കാരണം, അവളുടെ പാവനമായ ഉദരം പുതിയ നിയമത്തിലെ അതിശ്രേഷ്ഠാചാര്യനു സമർപ്പിച്ചതും അവിടത്തെ സാന്നിദ്ധ്യംകൊണ്ടു പവിത്രീകരിച്ചതും ആണു്. അതിനും പുറമെ, ജനനം മുതൽ മരണംവരെയുള്ള ഈശോയുടെ ജീവിതകാലമത്രയും

അവിടത്തേയ്ക്കു ശുശ്രൂഷചെയ്യുകൊണ്ട് തന്റെ ദിവ്യജനനി നിരന്തരം വൈദികവൃത്തിയിൽ വ്യാപൃതയുമായിരുന്നു.

നീ അത്യന്തതനാൽ ഭരിക്കപ്പെട്ടന്ന മനോഹരനഗരമാകുന്നു....

മിഖായാസ് ദിഷ്ടദർശി, തനിക്കുണ്ടായ ഭാവിയുടെ ദർശനത്താൽ ആനന്ദപാരവശ്യത്തിൽ നിർല്ലീനനായി, മലമുകളിൽ പണിയപ്പെട്ട നഗരംപോലെ ദൈവത്തിന്റെ സഭയെ ദർശിച്ചതായി വി. ലിഖിതങ്ങളിൽ പറയുന്നുണ്ട്. അപ്പോൾ വളരെയേറെ ജനപദങ്ങൾ അവിടെ വരികയും "നമുക്കു കർത്താവിന്റെ മലമുകളിലേയ്ക്കും യാക്കോബിന്റെ ദൈവത്തിന്റെ ഭവനത്തിലേയ്ക്കും കയറിപ്പോകാം" എന്നു പറയുകയും ചെയ്തു (Mich. VI). അതിനനുസരണമായി, പാറയിൽ പണിയപ്പെട്ടിരിക്കുന്ന തിരുസ്സഭ ഇന്നു സകല ലോകത്തിനും ദൃശ്യമാണ്. അതിലേയ്ക്കു ലക്ഷോപലക്ഷങ്ങൾ രക്ഷയ്ക്കും അഭയത്തിനും വേണ്ടി കൂട്ടംകൂട്ടമായി വന്നുകൊണ്ടുമിരിക്കുന്നു. പ. കന്യകയേയും മലമുകളിൽ സ്ഥാപിതമായിരിക്കുന്ന പട്ടണത്തോടു് ഉപമിക്കാറുണ്ട്. സഭ ലോകത്തിൽ പ്രതാപപൂർണ്ണയായി സ്ഥിതിചെയ്യുന്നതുപോലെ, സഭയ്ക്കുള്ളിൽ എല്ലാവർക്കും കാണത്തക്ക വിധത്തിൽ മറിയവും പ്രഭാപൂരിതയായി സ്ഥിതിചെയ്യുന്നു. അവൾ മനോഹരമായ നഗരമാണ്; അവളുടെ രാജാവാകട്ടെ, ദൈവസുതനായ മിശിഹായും.

നീ രക്ഷാഗമന വാതിലാകുന്നു.

(ഉദയസൂര്യന്റെ പ്രകാശധോരണി കടന്നുവരുന്ന ഉഷസ്സിന്റെ പടിവാതിലാണു നീ!)

നമ്മുടെ നാഥയെ സ്വർഗ്ഗീയവാതിൽ എന്നു വിളിക്കുന്നുണ്ട്. കാരണം, അവൾ വഴിയാണ് നമ്മുടെ ദിവ്യനാഥൻ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേയ്ക്കു വന്നതും നാം ഈ ജീവിതത്തിൽ നിന്നു വേർപിരിയുമ്പോൾ അനുഗ്രഹിക്കപ്പെട്ടവരുടെ മണിമന്ദിരങ്ങളിലേയ്ക്കു പ്രവേശിക്കുന്നതും. ഇവിടെ അവളെ സംബോധനചെയ്യുന്നതു് ഉദയസൂര്യന്റെ സുന്ദരമായ പ്രകാശത്തെ ഉള്ളിലേയ്ക്കു കടത്തിവിടുന്ന പ്രഭാതത്തിന്റെ വാതിൽ എന്നാണ്. നമ്മുടെ കർത്താവായ മിശി

ഹായെ "ഉദയസൂര്യൻ" (Orient) എന്നു പ്രവാചകന്മാർ വിളിച്ചിരുന്നു. "നീ അവനോട്, ഒരു മനുഷ്യനെ കണ്ടാലും; 'ഉദയസൂര്യൻ' എന്നാണ് അവന്റെ നാമം എന്നു (പറഞ്ഞുകൊണ്ട്) സംസാരിക്കണം" (Zach. VI,12). വേറൊരു സഖറിയാസ്—വി. യോഹന്നാൻ മാംദാനായുടെ പിതാവ്—രക്ഷകനെപ്പറ്റി ഇപ്രകാരം പറയുന്നു: "നമ്മുടെ ദൈവത്തിന്റെ കരളലിവുമൂലം ഉയരത്തിൽ നിന്നുള്ള ഉദയസൂര്യൻ നമ്മെ സന്ദർശിക്കുമാറാക്കി" (Luke 1,78). കിഴക്കെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുന്ന ഉദയസൂര്യനെപ്പോലെയാണ് നമ്മുടെ ദിവ്യനാഥൻ. പ. കന്യകയാകട്ടെ, നീതിയുടെ ഈ സൂര്യൻ ആദ്യമായി പ്രത്യക്ഷപ്പെടുന്ന വാതിലുമാണ്.

കീർത്തനം കഴിഞ്ഞു വരുന്ന "മുള്ളുകളുടെയിടയിൽ ശോശന്ന പുഷ്പം എന്നപോലെ എന്റെ പ്രിയ ആദത്തിന്റെ പുത്രികളുടെ ഗണത്തിൽ ആയിരുന്നു" എന്ന ഭാഗം പാട്ടുകളുടെ പാട്ടിൽ കാണുന്നുണ്ട് (2, 2). ഈ വാക്കുകൾ മിശിഹായുടെ മണവാട്ടിയായ തിരുസ്സഭയെപ്പറ്റി പറഞ്ഞിരിക്കുന്നതത്രെ. എന്നാൽ (പാട്ടുകളുടെ പാട്ടിലെ) ഈ വാക്യവും അതിനു തൊട്ടു മുമ്പുള്ള "ഞാൻ വയലിലെ പുഷ്പമാകുന്നു; താഴ്വരകളിലെ ശോശന്നപ്പുഷ്പമാകുന്നു" എന്ന വാക്യവും പ. കന്യകയെ ഉദ്ദേശിച്ചും ഉപയോഗിക്കുന്നുണ്ട്. മഞ്ഞുപോലെ വെളുത്ത പുഷ്പകോശവും സുമധുരമായ പരിമളവും ഉള്ള നിർമ്മലമായ ലില്ലിപുഷ്പം പൂക്കളുടെ രാജ്ഞിയാണ്. സോളമൻപോലും അദ്ദേഹത്തിന്റെ സകല മഹത്വത്തിലും ഒരു ലില്ലിപുഷ്പത്തപ്പോലെ ഭംഗിയായി അലങ്കരിക്കപ്പെട്ടിരുന്നില്ല എന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. അതിനാൽ ഈ മനോഹരകുസുമം ദൈവമാതാവിനു അനുയോജ്യമായ ഒരു പ്രതിരൂപമത്രെ. അതിനും പുറമെ, അവർ മുള്ളുകൾക്കിടയിലെ ലില്ലിപ്പൂവാകുന്നു—പാപപങ്കിലമായ ലോകത്തിൽ പാപസ്പർശമേല്ക്കാത്ത ഏകവ്യക്തി. "മുള്ളുകൾക്കു സമമായ യഹൂദവംശത്തിൽ ജനിച്ച അവർ നിർമ്മലമായ കന്യാത്വത്തിന്റെ രജതശോഭയാൽ പ്രശോഭിതയായി" എന്നു വി. പീറ്റർ ഡാമിയൻ പറയുന്നു.

ഒൻപതാം യാമം

അഭയനഗരമേ, നിനക്കു സ്വസ്തി.....

അന്യായമായി കുറ്റാരോപണം ചെയ്യപ്പെട്ടവരുടെ പ്രത്യേകവിധമായ അഭയകേന്ദ്രങ്ങളായി യഹൂദജനതയുടെ ഇടയിൻ ഉണ്ടായിരുന്ന നഗരങ്ങളോടാണ് നമ്മുടെ നാഥയെ ഇവിടെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. നിരപരാധമായി വേറൊരാളുടെ രക്തം ചിന്തുവാൻ ഇടയാകുന്നവർ, കൊല്ലപ്പെട്ട മനുഷ്യന്റെ ക്രൂരരായ ബന്ധുക്കളിൽനിന്നും രക്ഷപ്പെടുവനായി, മൂന്നു നഗരങ്ങൾ വേർതിരിച്ചിട്ടുവാൻ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളോട് ദൈവം തന്റെ പ്രത്യേക പരിപാലനയിൽ കല്പിക്കുകയുണ്ടായി. ഈ സംഭവം നിയമാവർത്തനത്തിൽ നാം വായിക്കുന്നുണ്ട് (Deut. XIV,2-7): "അവൻ ഈ നഗരങ്ങളിൽ ഒന്നിലേയ്ക്ക് ഓടി രക്ഷപ്പെട്ട്.....
.....അവിടെ ജീവിക്കട്ടെ."

ഈ നഗരങ്ങൾ നിരപരാധികൾക്കു മാത്രമേ രക്ഷ നൽകിയിരുന്നുള്ളൂ. എന്നാൽ പ. കന്യകയാകട്ടെ, അവളുടെ മേലങ്കിയുടെ കീഴിൽ പാപികൾക്കും സുരക്ഷിതമായി അഭയമരുളുന്നു. അതിനാൽ പാപികളുടെ സങ്കേതം എന്ന നാമമായിരിക്കും ഒരുവേള അവളുടെ മക്കൾക്ക് ഏറ്റം പ്രിയംകരം. ആ നാമംകൊണ്ടായിരിക്കും അവളെ വിളിച്ചുപേക്ഷിക്കുവാൻ അവർ ഏറ്റം ഇഷ്ടപ്പെടുന്നതും. പ്രതികാരത്തിനുവേണ്ടി ഉയരുന്ന ദൈവകരങ്ങളെ എത്രയധികം പ്രാവശ്യം മാതൃസഹജമായ അവളുടെ മാധ്യസ്ഥ്യം തടഞ്ഞിട്ടില്ല! അവളുടെ പക്കൽ ശരണം ഗമിച്ചിട്ട് ഏതു പാപിയാണ് സഹായിക്കപ്പെടാത്തതായിട്ടുള്ളതു്! "മറിയത്തിന്റെ കരുണയുടെ രശ്മി തന്റെമേൽ പതിക്കാത്തതായി ആരെങ്കിലുമുണ്ടോ?" എന്നു് വി. ബെർണാർദ് ചോദിക്കുന്നു.

".....ദാവീദിന്റെ കോട്ടയെ, യുദ്ധസമയത്തു്
ഞങ്ങളുടെ സുരക്ഷസങ്കേതമെ...."

ലൊരേത്ത് ലൂത്തിനായിയായിലും കാണുന്ന സുപരിചിതമായ ഈ അപേക്ഷ, പാട്ടുകളുടെ പാട്ടിലെ ഒരു ഗീതകത്തെയാണ് സൂചിപ്പിക്കുന്നത്: ".....പ്രാകാരങ്ങളാൽ ഉറപ്പിക്കപ്പെട്ട ദാവീദിന്റെ കോട്ട. ഒരായിരം പരിചകളും യുദ്ധവീരന്മാരുടെ പടച്ചട്ടകളും അതിന്മേൽ തൂങ്ങിക്കിടക്കുന്നു (IV, 4). യഹൂദന്മാരുടെ രാജാവായ ദാവീദ് ഓറഞ്ചേമിന്റെ രക്ഷയും അലങ്കാരവുമായി മഹത്തായ ഒരു കോട്ട പണിയിച്ചു. ദാവീദ് നമ്മുടെ കർത്താവിന്റെ സാദൃശ്യമായിരിക്കുന്നതുപോലെതന്നെ, അദ്ദേഹത്തിന്റെ കോട്ട പ. കന്യകയുടെ ഒരു പ്രതിരൂപമായും കണക്കാക്കപ്പെട്ടുന്നു. കാരണം, ഭൂമിയിലെ മിശിഹായുടെ രാജ്യമായ തിരുസ്സഭയുടെ മഹത്വവും അജയ്യമായ കോട്ടയും ആണ് നമ്മുടെ നാഥ; അവളുടെ നേർക്കുള്ള ഭക്തി പിശാചിനും അവന്റെ ദുഷ്പ്രവൃത്തികൾക്കും എതിരായി സ്ഥിതിചെയ്യുന്ന ശക്തികേന്ദ്രവുമാണ്.

മറിയത്തിന്റെ നേർക്കുള്ള ഈ ഭക്തി സത്യവിശ്വാസത്തിന്റെ ഒരടയാളമായി എന്നും സ്ഥിതിചെയ്യുന്നു. അവളെ ഏറ്റവുമധികം ബഹുമാനിക്കുന്നവരാണ് നമ്മുടെ കർത്താവിനോട് ഏറ്റം അടുത്തു നില്ക്കുന്നത് എന്ന വസ്തുത ചരിത്രംതന്നെ പഠിപ്പിക്കുന്നുണ്ട്. അവളുടേയും അവളുടെ സ്ഥാനഭൂഷണത്തിന്റേയും നേരെയുള്ള എതിർപ്പുകൾ എന്നും ശിഥിലയുടെ അസന്നിശ്ചമായ സൂചനയാണ്. സെറിന്തസ്, നെസ്തോർ എന്നിവർ മുതൽ നമ്മുടെ കാലത്തു സഭയുടെ പഠനങ്ങളിൽ നിന്ന് വ്യതിചലിച്ചു പോകുന്ന ഏറ്റം അവസാനത്തെ കൂട്ടർ വരെയുള്ള എല്ലാവരും ഈ കോട്ടയെ പരാജയപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. "ഒരായിരം യുദ്ധവീരന്മാരുടെ പടച്ചട്ടകൾ അതിന്മേൽ തൂങ്ങിക്കിടക്കുന്നു" ണ്ടെങ്കിലും അവർ അതിനു തുനിഞ്ഞു. അങ്ങനെ പ. കന്യകയുടെ നേർക്കുള്ള ഭക്തി നിർമ്മൂലമാക്കിയാൽ അവളുടെ പുത്രന്റെ മഹത്വത്തെ കൂട്ടുതൽ പുകഴ്ത്തുവാൻ തങ്ങൾക്കു സാദ്ധ്യമാകുമെന്നുള്ള മിഥ്യാവിശ്വാസംകൊണ്ട് പ്രോട്ടസ്റ്റന്റുകാർ ഈ ഭക്തിയെ നശിപ്പിച്ചു. എന്നാൽ അവർ എത്രമാത്രം തെറ്റുചെയ്തു എന്നു ഇപ്പോൾ സുവ്യക്തമായിട്ടുണ്ട്. ഇങ്ങനെ ഹീന

മായി പ്രവർത്തിച്ച പ്രോട്ടസ്റ്റൻറരാജ്യങ്ങൾ എല്ലാംതന്നെ ഇന്നു് മിക്കവാറും മിശിഹായെപ്പോലും ആരാധിക്കാത്ത ഒരു സ്ഥിതിയിലാണു് എത്തിച്ചേർന്നിരിക്കുന്നതു്.

അനുഗ്രഹിതയായ യൂദിത്തേ,
ധീരയായ സ്ത്രീരത്നമേ.....

ധീരയായ യൂദിത്തിനെപ്പറ്റി പഴയനിയമത്തിൽ നാം വായിക്കുന്നുണ്ടല്ലൊ. പ. കന്യകയുടെ പ്രതിരൂപങ്ങളിൽവച്ചു് ഏറ്റവും സ്പഷ്ടമായ ഒന്നായാണു് അവളെ കരുതുന്നതു്. അസ്സീറിയാക്കാരുടെ പടത്തലവനായ ഹോളോഫെർണസിൻെറ സൈന്യങ്ങൾ യഹൂദന്മാരുടെ നഗരങ്ങൾ ആക്രമിച്ചപ്പോൾ, സ്ത്രീകളുടെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല എന്നു പറയത്തക്ക വിധത്തിലുള്ള സാഹസിക പ്രവൃത്തികൊണ്ടു് മറ്റുള്ളവരായ സ്വജനങ്ങളെ അവൾ രക്ഷിക്കുകയുണ്ടായി. ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ടു്, സ്വദാസിയാൽ മാത്രം അനുഗതയായി ശത്രുവ്യൂഹത്തിൽ പ്രവേശിക്കുകയും ഹോളോഫെർണസിൻെറ പ്രീതി സമ്പാദിക്കുകയും അയാളുടെ കൂടാരത്തിൽവച്ചു് അയാളെ വധിക്കുകയും ജയഘോഷത്തോടെ അയാളുടെ ശിരസ്സു് കൊണ്ടുപോരുകയും ചെയ്തു.

അവളുടെ പ്രത്യാഗമനത്തിൽ അവളെ അഭിവാദനം ചെയ്യുവാൻ പ്രധാനാചാര്യൻ ഉപയോഗിച്ച വാക്കുകൾതന്നെയാണു് പ. കന്യകയുടെ തിരുനാളുകളിൽ ഇന്നു് തിരുസ്സഭ ഉപയോഗിക്കുന്നതു്: "നീ ജരുസലേമിൻെറ അഭിമാനമാണു്; ഇസ്രായേലിൻെറ ആനന്ദമാണു്" (Jdth. XV, 10). യൂദിത്തിനെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "സകലരുടേയും ഇടയിൽ അവൾ ഏറ്റവും വിഖ്യാതയായിത്തീർന്നു. കാരണം, അവൾ കർത്താവിനെ അധികമായി ഭയപ്പെട്ടു. അവളെപ്പറ്റി ഒരു ചീത്തവാക്കുപോലും പറയുവാൻ ആരും ഉണ്ടായിരുന്നുമില്ല." അങ്ങനെ അവൾ ഏറ്റവും ഉചിതമായ വിധത്തിൽ നമ്മുടെ നാഥയുടെ ഒരു പ്രതിരൂപമായി കരുതപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, തെരഞ്ഞെടുക്കപ്പെട്ട ജനത്തെ അസ്സീ

റിയാക്കാരുടെ അടിമത്തത്തിൽനിന്നും അവിടം രക്ഷിച്ചതുപോലെ തന്നെ ദൈവമാതാവ് സർപ്പത്തിന്റെ തല തകർത്തുകൊണ്ട് ലോകത്തിന്റെ രക്ഷയ്ക്കായി വഴിയൊരുക്കി.

"പണ്ട് അബിസാഗ് ദാവീദിന്റെ രണ്ടാമത്തെ ബാല്യത്തിൽ അദ്ദേഹത്തെ പരിചരിച്ചു. അതുപോലെ മധുരാലിംഗനത്തിൽ മിശിഹായെ യാരിപ്പിണരുവാനുള്ള പ്രത്യേകവരം നിനക്കുള്ളതായിരുന്നു."

ദാവീദ് വയോവൃദ്ധനായപ്പോൾ, അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനും അദ്ദേഹത്തിനു സേവനം ചെയ്യുന്നതിനുമായി അബിസാഗ് എന്ന സുന്ദരിയായ കന്യക തെരഞ്ഞെടുക്കപ്പെട്ടു. അതിനാൽ യഹൂദന്മാരുടെ പൂർവ്വരാജാവായ ദാവീദിന്റെ ആധിപത്യത്തെ അതിജീവിക്കുന്ന ആധിപത്യത്തോടുകൂടിയ യഥാർത്ഥദാവീദിനെ --- നമ്മുടെ കർത്താവായ മിശിഹായെ — കരങ്ങളിലെടുത്ത് ലാളിച്ച പ. കന്യകയുടെ ഒരു പ്രതികമാണവിടം. അബിസാഗ് പരമസുന്ദരിയും അവളുടെ കന്യാത്വത്തെ ദാവീദ് രാജാവ് ആദരിക്കത്തക്കവിധത്തിൽ അവിടം ഏറ്റവും ചാരിത്രവതിയും ആയിരുന്നുവെന്നാണ് വേദപുസ്തകത്തിൽ അവളെപ്പറ്റി പറയുന്നത് (3 Kings 1/1-4). മറിയം മനുഷ്യമക്കളിൽ ഏറ്റവും സുന്ദരിയും, നിർമ്മലരും വിശുദ്ധരും ആയ ആത്മാക്കളുടെ മഹത്വവുമാണ്.

"ഫറവോന്റെ കൽത്തു റാഹേലിന്റെ പുത്രൻ സ്വവംശജരെ മുഴുവൻ നാശത്തിൽനിന്നു രക്ഷിച്ചതുപോലെ, അങ്ങയുടെ സുതൻ ഈജിപ്തിലേതിനേക്കാൾ നികൃഷ്ടമായ അടിമത്തത്തിൽനിന്ന് മോചനമൂല്യം നൽകി ഞങ്ങളെ രക്ഷിച്ചു."

സൃഷ്ടിയുടെ പുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന റാഹേലിന്റെ പുത്രനായ യൗസേപ്പിന്റെ ചരിത്രം നമുക്ക് സുവിദിതമാണ്. കൊച്ചുകുട്ടിയായിരുന്നപ്പോൾ സ്വസഹോദരനാൽ യൗസേപ്പ് വിൽക്കപ്പെടുകയും ഒരടിമപ്പോലെ ഈജിപ്തിലേയ്ക്കു സംവഹിക്കപ്പെടുക

യും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യവും സദ്ഗുണങ്ങളുംകൊണ്ടു് വലിയ സ്ഥാനഭ്രംശത്വം പ്രാപിച്ചു് ഈജിപ്തിന്റെ മുഴുവൻ ഭരണാധികാരിയായിത്തീരുകയുണ്ടായി. സ്ഥാനമാഹാത്മ്യത്തിൽ മാത്രമേ അദ്ദേഹം ഫറവോനു് പിന്നിലായിരുന്നുള്ളൂ.

ഫറവോൻ "അദ്ദേഹത്തിന്റെ പേരു് മാറുകയും ഈജിപ്ഷ്യൻ ഭാഷയിൽ ലോകരക്ഷകൻ എന്നദ്ദേഹത്തെ വിളിക്കുകയും ചെയ്തു." ഫറവോന്റെ സ്വപ്നത്തെപ്പറ്റി യൗസേപ്പു നൽകിയ വ്യാഖ്യാനം ഏഴു വർഷങ്ങൾക്കു ശേഷം ദേശത്തെ മുഴുവൻ വിഴുങ്ങുവാനിരുന്ന ദുർഭിക്ഷതയെപ്പറ്റിയുള്ള ഒരു പ്രവചനമായിരുന്നു. ഈ വിപൽസന്ധിയിലാണു് യൗസേപ്പിന്റെ സഹോദരന്മാർ അദ്ദേഹത്തിന്റെ സഹായം തേടിയതും അദ്ദേഹം അവരെ രക്ഷിച്ചതും. യൗസേപ്പിനെ മിശിഹായുടെ ഒരു പ്രതിരൂപമായായി കരുതുന്നുണ്ടു്. എന്നാൽ യൗസേപ്പു് ലോകത്തിൽ വളരെ ചെറിയ ഒരു ഭാഗത്തെ മാത്രം രക്ഷിച്ചപ്പോൾ, മറിയത്തിന്റെ സുതനായ ഈശോ ഇതിനേക്കാൾ വളരെ ശ്രേഷ്ഠമായ അർത്ഥത്തിൽ, അവിടത്തെ പീഡാനുഭവവും മരണവുംവഴി ലോകരക്ഷകനായിത്തീർന്നു: പാപത്തിൽനിന്നും നിത്യശിക്ഷയിൽനിന്നും മനുഷ്യകുലത്തെ ഒന്നടങ്കം പരിത്രാണനം ചെയ്തുകൊണ്ടു് അവിടന്നു് നമ്മെ ഈജിപ്തിലേതിനേക്കാൾ ഭയങ്കരമായ അടിമത്തത്തിൽനിന്നു് വിടുവിച്ചിരിക്കുന്നു.

കീർത്തനാനന്തരം വരുന്ന "എന്റെ പ്രിയേ! നീ മുഴുവനും അഴകുള്ളവളാകുന്നു; ജന്മപാപത്തിന്റെ കറ നിന്നിലൊരിക്കലും ഉണ്ടായിട്ടില്ല" എന്ന വാക്യവും പ്രതിവാക്യവും പാട്ടുകളുടെ പാട്ടിൽനിന്നും എടുത്തിട്ടുള്ളതാണു് (IV, 7). നമ്മുടെ മാതാവിന്റെ അമലോത്ഭവത്തെ വളരെ വ്യക്തമായി സൂചിപ്പിക്കുന്ന ഒന്നാണിതു്. പ. കന്യകയുടെ തിരുനാളുകളിൽ തിരുസ്സഭ ഇതു് ഉപയോഗിക്കുന്നു.

സായംകാലം

പ്രകൃതിയുടെ വിധത്തിൽ പ. കന്യകയോടുകൂടി കഴിക്കുവാൻ നാം അഭിലഷിക്കുന്ന സമയമാണല്ലോ സായങ്കാലം. ആ മണിക്കൂറിനെ, വേസ്പേഴ്സ് അഥവാ സായംകാലഗീതം, പവിത്രീകരിക്കുന്നു. ഭൂമിയിൽ അനുഗ്രഹം വിതറിക്കൊണ്ട്, സമീപസ്ഥമായ ദേവാലയങ്ങളിൽനിന്നു ത്രികാലജപത്തിനുള്ള മണിനാദം അവളുടെ സ്തുതികളെ പ്രഖ്യാപിക്കും. അപ്പോൾ പരിക്ഷീണനായ യാത്രികൻ വിശ്രമാർത്ഥം പിന്തിരിയുകയും, കൊച്ചുകുട്ടി അതിന്റെ അമ്മയുടെ പക്കൽ ആശ്രയം തേടുകയും ചെയ്യും. സഹനത്തിന്റെ കാർമേഘങ്ങൾ തന്നെ വലയംചെയ്യുമ്പോൾ ഒരു ക്രിസ്ത്യാനി മറിയത്തിൽ ദർശിക്കുന്ന പ്രതിക്ഷകളുടെ പ്രതീകമാണ്, അന്ധകാരം വ്യാപിച്ചുവരുന്ന ആകാശവീഥിയിൽ പ്രഭ വിതറുന്ന സന്ധ്യാനക്ഷത്രം. അതു നമ്മുടെ നാഥയുടെ മനോഹരമായ ഒരു പ്രതിരൂപമാണ്.

ചെറിയ ഒപ്പീസിന്റെ ഈ യാമത്തിൽ കവി വീണ്ടും പഴയ നിയമത്തിലെ പ്രവചനങ്ങളിൽനിന്നും നമ്മുടെ അമ്മയുടെ ഉത്തമമായ ഒരു പ്രതിരൂപം എടുത്തു കാണിക്കുകയാണ്. പ്രഥമ യാമങ്ങളിൽ ഭൂമിയുടേതായ അഴകിനോട്—വയലുകളിൽ പുള്ളിക്കുത്തുകൾ നിർമ്മിക്കുന്ന പരിമളമുള്ള മനോഹരകുസുമങ്ങളോട്—ആണ് അവളെ താരതമ്യപ്പെടുത്തിയതു്. ഇപ്പോൾ, ലക്ഷക്കണക്കിനു് ആകാശഗോളങ്ങൾ സ്രഷ്ടാവിന്റെ കല്പന അനുസരിച്ചുകൊണ്ടു് നിത്യവും അവിച്ഛിന്നവും ആയ ഐകരൂപ്യത്തോടെ ഭ്രമണംചെയ്യുന്ന ഉത്തുംഗമായ ആകാശവിതാനത്തിലേയ്ക്കു്, അവളുടെ മഹത്വത്തിന്റെ പ്രതിഛായകൾ അവയുടെ ഇടയിലും ദർശിക്കുവാനായി, അദ്ദേഹം നയനങ്ങളെ ഉയർത്തുന്നു.

> "(അക്കാസിൻ) സൂര്യഘടികാരത്തിൽ സൂര്യൻ ദശരേഖ പുറകോട്ട മാറിയതുപോലെ സത്യസൂര്യനായ ദൈവവചനം മാനുഷനായി നിന്നിൽനിന്നവതരിച്ച രഥസ്യഘടികാരമേ, നിനക്കു സ്വസ്തി."

("സൂര്യഘടികാരമേ, സ്വസ്തി! രാജാവായ അക്കാസ് നിമിത്തം സൂര്യഘടികാരത്തിൽ നിഴൽ പിന്നിലേയ്ക്ക് ഇഴഞ്ഞു നീങ്ങിയതിനേക്കാൾ അത്ഭുതകരമായി, നിന്നിൽ സമയത്തിന്റെ നിയമങ്ങൾ സ്തംഭിക്കപ്പെട്ടു; ദൈവം മനുഷ്യത്വം സ്വീകരിക്കുകയും ചെയ്തു....." എന്നാണ് മൂലത്തിൽ കാണുന്നത്.)

ഭക്തനായ കവിതന്നെ ഈ യാമത്തിന്റെ ആദ്യത്തെ രണ്ടു പദ്യങ്ങളിൽ സ്പഷ്ടമാക്കിയിരുന്നില്ലെങ്കിൽ, മറിയത്തിന്റെ പ്രതിരൂപമായി, അക്കാസിന്റെ അത്ഭുതകരമായ സൂര്യഘടികാരത്തെ വിവക്ഷിച്ചത്, വ്യക്തമാകുമായിരുന്നില്ല. ലത്തീൻ മൂലത്തിന്റെ പദാനുപദവിവർത്തനം ഏതാണ്ടിങ്ങനെയാണ്: "സൂര്യൻ ദശരേഖ പിന്നോട്ടു മാറിനിന്ന സൂര്യഘടികാരമേ, നിനക്കു സ്വസ്തി! മനുഷ്യവർഗ്ഗത്തെ അഗാധങ്ങളിൽ നിന്നും അത്യന്ധതമസ്സുകളിലേയ്ക്ക് ഉയർത്തുവാൻവേണ്ടി മാംസമായ വചനവും അപ്രകാരംതന്നെയാണു പ്രവർത്തിച്ചത്. അങ്ങനെ അപരിമിതമായ ദൈവം മാലാഖമാരേക്കാൾ എളിയ നിലയിലായിത്തീർന്നു.

മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ, മനുഷ്യവംശത്തോടുള്ള അത്യധികമായ കാരുണ്യവും സ്നേഹവും മൂലം നമ്മുടെ കർത്താവ് മാലാഖമാരുടെ സമൂഹങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ പ്രകൃതി സ്വീകരിക്കാതെ, സ്വർഗ്ഗീയാരൂപികളുടെ ഒമ്പതു ശ്രേണികളേയും വിട്ട്, പത്താമത്തേതും മാലാഖമാരുടേതിനേക്കാൾ താഴ്ന്നതുമായ ഒരു പ്രകൃതിയെ—മനുഷ്യസ്വഭാവത്തെ—ആണ് സ്വീകരിച്ചത്. അതിനാൽ സൂര്യന്റെ നിഴൽ, ദൈവത്തിന്റെ ശക്തികൊണ്ട് പത്തു ഡിഗ്രി പിന്നോട്ടു മാറിയതിനെ രേഖപ്പെടുത്തിയ അക്കാസിന്റെ സൂര്യഘടികാരം അവിടുത്തെ മനുഷ്യാവതാരത്തെ മുൻകൂട്ടി അറിയിക്കുകയാണ് ചെയ്തത്.

ഈ അത്ഭുതസംഭവത്തിന്റെ ചരിത്രം രാജാക്കന്മാരുടെ നാലാമത്തെ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് (XX, 1–11). "ആ ദിവസങ്ങളിൽ, (അക്കാസിന്റെ പുത്രനായ) എസെക്കിയാസ് രോഗം

ബാധിച്ചു', മരണാസന്നനായി. അപ്പോൾ ഐസയാസ് (ദീഘ്ദ ൾി) വന്നു അയാളോട് പറഞ്ഞു: കർത്താവായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. 'നിന്റെ കുടുംബകാര്യങ്ങളും ശരിപ്പെടുത്തുക. കാരണം, നീ മരിക്കുവാൻ പോവുകയാണ്'; ഇനി നീ ജീവിക്കുകയില്ല.' അപ്പോൾ (ഏസക്കിയാസു) ഭിത്തിയിലേയ്ക്കു മുഖം തിരിച്ചുകൊണ്ട് (തന്റെ ജീവൻ രക്ഷിക്കുന്നതിനായി) പ്രാർത്ഥിച്ചു ..... ഐസയാസ് നടുമുറ്റത്തിന്റെ മദ്ധ്യം വിട്ടുന്നതിനു മുമ്പുതന്നെ കർത്താവിന്റെ ഈ വാക്കുകൾ അദ്ദേഹത്തിനു ലഭിച്ചു: 'മടങ്ങിപ്പോയി എന്റെ ജനത്തിന്റെ നായകനായ ഏസക്കിയാസിനോട്', കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നു പറയുക.....ഞാൻ നിന്റെ പ്രാർത്ഥന ശ്രവിക്കുകയും നിന്റെ കണ്ണുനീർ ദർശിക്കുകയും ചെയ്തു; നോക്കുക, നിന്നെ ഞാൻ സുഖപ്പെടുത്തിയിരിക്കുന്നു ..... മാത്രമല്ല, നിന്റെ (ആയുസ്സിന്റെ) ദിവസങ്ങളോടു പതിനഞ്ചു സംവത്സരം ഞാൻ കൂട്ടുകയും ചെയ്യും.' അപ്പോൾ ഏസക്കിയാസ് 'ദൈവം എന്നെ രോഗവിമുക്തനാക്കും എന്നതിനു് അടയാളമെന്താണ്?' എന്നു ഐസയാസിനോടു ചോദിച്ചു. ഐസയാസ് അയാളോടു പറഞ്ഞു: 'കർത്താവു് അരുളിച്ചെയ്ത വാക്കുകൾക്കനുസരണമായി പ്രവർത്തിക്കുമെന്നുള്ളതിനു കർത്താവിൽനിന്നുള്ള അടയാളം ഇതായിരിക്കും.....' അനന്തരം പ്രവാചകനായ ഐസയാസ് കർത്താവിനോടു് അപേക്ഷിക്കുകയും ആവിടത്തെ അക്കാസിന്റെ സൂര്യഘടികാരത്തിലെ നിഴലിനെ അതു *പിന്നിട്ടു* കടന്നുപോയിക്കഴിഞ്ഞിരുന്ന രേഖകളിൽക്കൂടിത്തന്നെ പത്തു ഡിഗ്രി പിന്നിലേയ്ക്കു മാറുകയും ചെയ്തു.

പത്താമതൊന്നു് നമ്മുടെ ഈ സ്വഭാവത്തിൽനിന്നു സ്വീകരിക്കാനായി ദൈവസുതൻ സ്വർഗ്ഗീയശക്തികളുടെ നിരകൾ ഒമ്പതും കടന്നുപോകുന്നു. ഇതാണല്ലോ സൂര്യന്റെ സഞ്ചാരപഥത്തിൽക്കൂടി പിന്നോട്ടുള്ള പ്രയാണം സൂചിപ്പിക്കുന്നതു്. ഈ അത്ഭുതസംഭവം നടക്കുവാനുള്ള ഉപകരണമായിത്തീർന്ന അളവുകോലാണു നമ്മുടെ നാഥ. കാരണം, രക്ഷകനു ലോകത്തിലേയ്ക്കു പ്രവേശനം നല്കിയ

ദൈവത്തിന്റെ വിനീതയായ ദാസിയായിരുന്ന അവൾ. എന്തിനു വേണ്ടി ?

"നൈസർഗ്ഗികമൂല്യത്തിൽ, മാലാഖമാരേക്കാൾ താഴെ സ്ഥിതി ചെയ്യുന്ന മനുഷ്യൻ തന്റെ പ്രകൃതിയുടെ താഴ്ന്ന നിലയിൽനിന്നു്, ലക്ഷ്യത്തിന്റെ മഹത്വത്തിൽ ഏവരേയും അതിശയിക്കുന്ന മിശിഹായിയായി നാം ദൈവത്തിന്റെ മക്കളും അവിടുത്തെ കൂട്ടവകാശികളുമായിത്തീരുവാൻവേണ്ടി" അവിടുന്നു് നമ്മുടെ ഈ പ്രകൃതി സ്വീകരിച്ചുകൊണ്ടു് മനുഷ്യവംശത്തെ മുഴുവൻ അതിന്റെ ഹീന സ്ഥിതിയിൽനിന്നും ഉയർത്തി.

"പകലിനെ പ്രകാശിപ്പിക്കുന്ന സൂര്യനേക്കാൾ ഉജ്ജ്വലതേജസ്സുള്ള സ്വർഗ്ഗീയദീപ്തികൾ അങ്ങേ ചുറ്റിലും പ്രകാശിക്കുന്നു....."

പ. കന്യക പ്രത്യക്ഷപ്പെട്ട പല അവസരങ്ങളിലും, ആകാശത്തിലെ പ്രകാശപൂരിതമായ നക്ഷത്രങ്ങളാൽ പരിവൃതയായി കാണപ്പെട്ടിട്ടുണ്ടു്. ദൈവത്തിന്റെ ഭൗതികസൃഷ്ടികളിൽവച്ചു് അത്യൽകൃഷ്ടങ്ങളായ അവ, അവളുടെ സാന്നിദ്ധ്യത്തിന്റെ തേജസ്സും പ്രകാശവും നന്നായി പ്രതിനിധാനംചെയ്യുവാൻ പോരുന്നവയാണു്. എന്നാൽ അവയിൽ ഏറ്റവും സുന്ദരമായതിനേയും അവളുടെ പ്രകാശം അതിശയിക്കുന്നു. ഈ താരങ്ങളെപ്പോലെതന്നെ മറിയവും ഭൂമിയുടേതല്ല; സ്വർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുകയാണു് അവൾ. യാതൊരു പരിവർത്തനവും ബാഹ്യശക്തിയും അവയെ ബാധിക്കുകയില്ല. എല്ലാ ദേശങ്ങളിലുമുള്ള സകല ജാതിജനങ്ങൾക്കും അവ എന്നും പ്രകാശപൂർണ്ണവും വിസ്മയകരവുമായി പ്രത്യക്ഷപ്പെടും. അതുപോലെ, പ്രശാന്തയും പ്രസന്നയുമായ മറിയവും ഭൗമികജീവിതത്തിലെ പരീക്ഷകളിൽ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് അക്ഷോഭ്യയായി സ്ഥിതിചെയ്തു.

"ഉദിച്ചുയരുന്ന ഉഷസ്സെന്നപോലെ ഉത്ഭവത്തിൽ അവൾ പ്രകാശിക്കുന്നു."

പനിനീർപൂക്കൾ വാരിവിതറിയാലെന്നപോലെയുള്ള വിഭാതത്തിലെ ആകാശപ്പരപ്പിനേക്കാൾ മനോജ്ഞമായി ചുരുക്കം ദൃശ്യങ്ങൾ മാത്രമേ പ്രകൃതിയിൽ കാണുകയുള്ളൂ. അതിനാൽ പ്രഭാതത്തിലെ അരുണശോഭയുടെ ഈ ചിത്രം നമ്മുടെ അമ്മയെ സൂചിപ്പിക്കുവാനായി ഉപയോഗിക്കാറുണ്ട്. പ്രഭാതവേളയിൽ പൂർവ്വദിക്കിൽ പ്രത്യക്ഷപ്പെടുന്ന ശോഭയെല്ലാം നിദാനം ആസന്നമായ സൂര്യോദയമാണല്ലൊ. അതുപോലെ, അവിടം ഈ ലോകത്തിലേയ്ക്കു സ്വാഗതമരുളിയ നീതിയുടെ ദിവ്യസൂര്യന്റെ പ്രതിഫലനമാണ് അവളുടെ ശോഭ.

"അഥവാ, രാത്രിയിൽ കഷ്ടപ്പെട്ട് അലയുന്നവരുടെമേൽ വെള്ളിവെളിച്ചം വീശി മൃദുലകോമളമായി പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെയാണ് അവിടം...."

ഡി. പീറർ ഡാമിയൻ പറയുന്നു: "സൂര്യനെ ഒഴിച്ചാൽ ചന്ദ്രനെപ്പോലെ അത്ര മനോഹരമായി യാതൊരു ആകാശഗോളവും ഇല്ല. അപ്രകാരംതന്നെ ദൈവം കഴിഞ്ഞാൽ ഏറ്റവും സൗന്ദര്യമുള്ള വ്യക്തി മറിയമാണ്." ഇതുപോലെ, മറ്റു വിശുദ്ധന്മാരും, ദൈവമാതാവിനും ആകാശത്തിന്റെ രാജ്ഞിയായ ചന്ദ്രനും തമ്മിൽ അനേക സാദൃശ്യങ്ങൾ കാണാറുണ്ട്. നമുക്ക് സുപരിചിതമായ ഒരു സാദൃശ്യത്തെപ്പറ്റിയാണല്ലൊ നാം പറഞ്ഞുകൊണ്ടിരിക്കുന്നതു്. അതനുസരിച്ച് ചന്ദ്രൻ അതിന്റെ പ്രകാശം സൂര്യനിൽനിന്നു സ്വീകരിക്കുന്നതുപോലെ, മറിയവും തന്റെ സകല മഹത്വത്തിനും തന്റെ ദിവ്യകുമാരനോടു കടപ്പെട്ടിരിക്കുന്നു. വീണ്ടും, ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിയുമ്പോൾ അതു് ഗ്രഹണവിധേയമാകുന്നുണ്ടല്ലൊ. അപ്രകാരംതന്നെ മനുഷ്യൻ തങ്ങളുടെ ക്ഷമയായ ആവേശങ്ങളെ അവിടുത്തെ പുത്രന്റെമേൽ അഴിച്ചുവിടുമ്പോൾ — അങ്ങനെ ഭൂമിയുടെ നിഴൽ അവിടുത്തെ ആത്മാവിൽക്കൂടി കടന്നുപോയപ്പോൾ — വ്യാകുലതകളുടെ കാർമേഘങ്ങളാൽ അവിടുന്നു മൂടപ്പെട്ടുപോയി. അതിനാൽ അന്ധകാരത്തിൽ വഴിതെറ്റിയവരുടെമേൽ

മന്ദഹാസപ്രകാശം പൊഴിക്കുന്ന ചന്ദ്രന്റെ മനോഹരമായ ഉപമ അവിടുത്തേയ്ക്ക് ഏറ്റവും അനുയോജ്യമായിരിക്കുന്നു. കണ്ണുനീരിന്റെ താഴ്വരയിൽ അലഞ്ഞുനടക്കുന്ന നമ്മുടെമേൽ അവിടുത്തേയ്ക്കുള്ള സംരക്ഷണത്തെ ഇതു ഭംഗിയായി പ്രകാശിപ്പിക്കുന്നുണ്ട്.

കീർത്തനം കഴിഞ്ഞു വരുന്ന "ക്ഷയമില്ലാത്ത പ്രകാശത്തെ സ്വർഗ്ഗത്തിൽ ഉദിപ്പിച്ചു; ഒരു മേഘമെന്നപോലെ ഭൂമിയെ ആസകലം ഞാൻ മൂടുകയും ചെയ്തു" എന്ന വാക്യവും പ്രതിവാക്യവും ഈശോ ബർസീറായിൽനിന്നു എടുത്തിട്ടുള്ളതാണ് (XXIV, 6).

വി. പീറ്റർ ഡാമിയാൻ പ. കന്യകയെ ഉദ്ദേശിച്ചു ഈ വാക്കുകൾതന്നെ ഉപയോഗിച്ചിട്ടുണ്ട്. തെറ്റു പറ്റാത്ത വിധത്തിൽ നമ്മുടെ വിശ്വാസമുപ്പിക്കാവുന്ന സ്വർഗ്ഗത്തിലെ ഉജ്ജ്വല പ്രകാശമാണവൾ. ഭൂമിയെ മറയ്ക്കുന്ന ഒരു മേഘംപോലെയും അവിടുത്തെ കണക്കാക്കാം. കാരണം, തന്റെ മാതൃസഹജമായ മാദ്ധ്യസ്ഥ്യംമൂലം തന്റെ സംരക്ഷണത്തിന്റെ മേലങ്കി ലോകപാപങ്ങളുടേയും അപരാധങ്ങളുടേയും മേൽ വിരിച്ചുകൊണ്ട് അവയുടെ നിന്ദ്യത ദൈവത്തിക്കണ്ടുകൊൾക്കു മുമ്പിൽ ഒട്ടെങ്കിലും അവൾ കുറയ്ക്കുന്നുണ്ട്. തന്മൂലം കൂടുതൽ കാരുണ്യത്തോടെയാണ് ദൈവം പാപികളെ വീക്ഷിക്കുക.

അവസാനജപം. (Compline)

നാം ഇപ്പോൾ അമലോത്ഭവമാതാവിന്റെ ഈ ചെറിയ ഒപ്പീസിന്റെ അവസാനയാമത്തിൽ എത്തിക്കഴിഞ്ഞു. റോമൻ കാനോനനമസ്കാരപുസ്തകത്തിൽ Compline അല്ലെങ്കിൽ "കോംപ്ലെത്തോരിയും" എന്നു പറയുന്ന അവസാനജപം, നിദ്രയ്ക്കു മുമ്പു് ചൊല്ലുന്ന നിശാപ്രാർത്ഥനയാണു്. അതു് സമാധാനത്തിനും വിശ്രമത്തിനും, പ്രത്യേകിച്ചു് നാം ദൈവത്തിൽ പ്രാപിക്കുവാനിരിക്കുന്ന നിത്യവിശ്രമത്തിനും വേണ്ടിയുള്ള ഒരുപേക്ഷയാണു്. ഈ യാമത്തിൽ നമ്മുടെ നാഥയുടെ പ്രതീകങ്ങൾ തേടി ചെറിയ ഒപ്പീസിന്റെ കർത്താവു് പഴയ നിയമത്തിലേയ്ക്കു പോകുന്നില്ല. പ്രത്യുത, അവളുടെ അത്യൽകൃഷ്ടമായ സ്ഥാനമാഹാത്മ്യത്തെ ഒന്നുകൂടി അനുസ്മരിപ്പിക്കുവാനായി, ഉദ്യാനവും സുവിശേഷവുമായ അവളുടെ വരങ്ങൾകൊണ്ടുണ്ടാക്കിയ ഒരു പുഷ്പമാല അവിടത്തെ തൃപ്പാദത്തിങ്കൽ അർപ്പിച്ചുകൊണ്ടു് അദ്ദേഹം കൃതകൃത്യനാവുകയാണു്. അവസാനവരികളിൽ നമ്മെയും അവളുടെ സകല മക്കളെയും അദ്ദേഹം നമ്മുടെ അമ്മയുടെ സംരക്ഷണയിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ടു്. അന്ധകാരത്തിന്റെ നീണ്ട മണിക്കൂറുകളിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുവാനിരിക്കുന്ന നമ്മുടെ പ്രതാപപൂർണ്ണയായ മദ്ധ്യസ്ഥയാണവിടുന്നു. അവിടുന്നു് ശോഭയേറിയ നക്ഷത്രമാണു; അവളുടെ പ്രകാശകതിരുകൾ നിഴലുകളെ തുളച്ചു കടക്കുന്നു. അവൾ വഴിയായി നിത്യവിശ്രാന്തി പ്രാപിക്കാമെന്നു് നാം ശരണംപ്രാപിക്കുന്നു.

"ദൈവികപുഷ്പത്തിന്റെ ഉത്ഭവസ്ഥാനമായ കന്യകയേ,
സ്വസ്തി!"

പദാനുപദം വിവർത്തനം ചെയ്താൽ "പുഷ്പിപ്പിക്കുന്ന (വികസിക്കുന്ന) കന്യകയേ, സ്വസ്തി" എന്നു വരേണ്ട ലത്തീൻ മൂലത്തിന്റെ ഈ പരിഭാഷയിൽ, ന. കർത്താവാകുന്ന പുഷ്പം പൊട്ടിപ്പുറപ്പെട്ട വേരായിട്ടാണു് മറിയത്തെ കണക്കാക്കുന്നതു്. വീണ്ടും ഈ

പദ്യശകലം മറിയത്തെ കന്യകാമാതാവായി — കന്യാത്വത്തിനു ക്ഷതം ഭവിക്കാതെ പുത്രനെ ഗർഭം ധരിച്ച കന്യകയായി — പ്രഖ്യാപിക്കുന്നുണ്ട്. അവളുടെ ഉദരഫലമാകട്ടെ അത്യുന്നതനുമാണ്. സുറിയാനിയിൽ വി. എഫ്രേം എഴുതിയിട്ടുള്ള പ്രാചീന സ്തുതിഗീതത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്: "ഹാവാ മരത്തിൽനിന്നും പറിച്ചെടുത്ത കനിയുള്ള ഫലത്തിനു പകരം, മറിയം മാധുര്യമുള്ള ഫലം മനുഷ്യർക്കു നൽകി. കണ്ടാലും, മറിയം നൽകിയ ഫലംകൊണ്ട് ലോകമഖിലം സന്തുഷ്ടമായി." പുഷ്പങ്ങളോടു നമ്മുടെ നാഥയ്ക്കുള്ള സാദൃശ്യത്തെപ്പറ്റി നാം ആവർത്തിച്ചു പറഞ്ഞു കേട്ടിട്ടുണ്ടല്ലൊ. ഈ രൂപകത്തിൽ ആ സാദൃശ്യത്തിലേയ്ക്കും നേരിയ ഒരു സൂചനയുണ്ട്. ഭൂമിയിൽ നാലുപാടും പരിമളം പരത്തിയശേഷം, ഇപ്പോൾ ദൈവത്തിന്റെ തോട്ടത്തിലേയ്ക്കു പറിച്ചുനടപ്പെട്ട മൂലകോമളമായ ഒരു ചെടിപോലെയാണ് അവിടുന്ന്. കാരണം, ഭൂമിയിൽ പാപസ്പർശനമേല്ക്കാത്ത ദൈവമാതാവായിരുന്ന അവിടുന്ന് ഇപ്പോൾ അനുഗ്രഹദായികയായ സ്വർഗ്ഗരാജ്ഞിയായി വാഴുകയാണ്.

അവിടുത്തെ ശിരസ്സിനെ വലയംചെയ്യുന്ന താരങ്ങൾ
അനശ്വരമായ ഒരു കിരീടം നിർമ്മിച്ചിരിക്കുന്നു.

വി. യോഹന്നാൻ ഏവൻഗേലിസ്റ്റാ, സ്വർഗ്ഗത്തിൽ ഒരു വലിയ അടയാളം ദർശിച്ചതിനെപ്പറ്റി വെളിപാടിന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "സൂര്യനെ ധരിച്ചിരിക്കുന്ന ഒരു സ്ത്രീ; അവളുടെ കാലുകളുടെ കീഴിൽ ചന്ദ്രൻ, അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള ഒരു കിരീടം" (വെളിപാട് 12/1). മഹത്വീകരിക്കപ്പെട്ട സ്ത്രീയുടെ ഈ ദർശനം മുഖ്യമായും ദൈവത്തിന്റെ സഭയുടെ നിഗൂഢാത്മത്തിലുള്ള ഒരു ചിത്രീകരണമാണ്; പന്ത്രണ്ടു നക്ഷത്രങ്ങൾ പന്ത്രണ്ട് അപ്പസ്തോലന്മാരുമത്രെ. എന്നാൽ, അമലോത്ഭവത്തിരുനാളിന്റെ കാനോനനമസ്കാരത്തിൽ തിരുസ്സഭ ചെയ്യുന്നതുപോലെ ഈ ദിവ്യവചസ്സുകൾ ഏറ്റം അനുയോജ്യമായ വിധത്തിൽ നമ്മുടെ മാതാവിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. അ

മലോത്ഭവയായ മറിയത്തെ കലാസൃഷ്ടികളിലും ഇപ്രകാരം ചിത്രീകരിച്ചിരിച്ചിരിക്കുന്നതു് നാം കാണുന്നുണ്ടു്. അങ്ങനെ, ഭൂമിയിലെ രാജാക്കന്മാരെപ്പോലെ നശ്വരമായ സ്വർണ്ണകിരീടംകൊണ്ടല്ല, നിലനില്ക്കുന്നതും പരിവർത്തനവിധേയമാകാത്തതുമായ നക്ഷത്രങ്ങൾകൊണ്ടാണു് നമ്മുടെ നാഥ കിരീടം ധരിപ്പിക്കപ്പെട്ടിരിക്കുന്നതു്. അവൾ സൂര്യനെ ധരിച്ചിരിക്കുന്നു; കാരണം, ദൈവത്തിന്റെ ഉജ്ജ്വല തേജസ്സു് അവിടത്തെ ചുറ്റിയിരിക്കുന്നു. അവളുടെ പാദങ്ങൾക്കു കീഴിൽ സ്ഥിതിചെയ്യുന്ന പരിവർത്തനവിധേയമായ ചന്ദ്രൻ ഈ ലോകത്തിന്റെ വിപര്യയങ്ങളുടെ അടയാളമായിട്ടാണു് കണക്കാക്കപ്പെടുക.

> "നീ സകല ദൈവദൂതന്മാരേക്കാൾ പരിശുദ്ധയും നിർമ്മലയുമാകുന്നു. സ്വർണ്ണവസ്ത്രാലംകൃതയായി സ്വർഗ്ഗരാജാവിന്റെ വലത്തുഭാഗത്തു് നീ സ്ഥിതിചെയ്യുകയും ചെയ്യുന്നു."

(മൂലത്തിന്റെ ശരിയായ വിവർത്തനം ഏതാണ്ടിപ്രകാരമാണു്: "മാലാഖമാർക്കായിപ്പെട്ടിട്ടുള്ള സകല വിശുദ്ധിയും കുറവുള്ളവയത്രെ. കാരണം, അവ നിന്റെ വിശുദ്ധിയേക്കാൾ വളരെ താഴെയാണു്. രാജകീയ വസ്ത്രാലംകൃതയായി ദൈവസിംഹാസനത്തിന്റെ തൊട്ടരുകിൽ നീ സ്ഥിതിചെയ്യുകയും ചെയ്യുന്നു.")

അതുല്യദൈവശാസ്ത്രജ്ഞനായ വിശുദ്ധ തോമസ്സു് അക്വിനാസ് പരിശുദ്ധകന്യകയുടെ സ്ഥാനമഹത്വത്തെ ഇപ്രകാരം വിവരിച്ചിട്ടുണ്ടു്: "ദൈവമാതൃത്വംവഴി അപരിമിതനന്മയായ ദൈവത്തിൽനിന്നു് മറിയം സ്വീകരിച്ചിരിക്കുന്ന സ്ഥാനമാഹാത്മ്യം ഒരു വിധത്തിൽ അപരിമേയമാണു്. അതിനാൽ മറിയത്തേക്കാൾ വിശുദ്ധിയുള്ള ഒരു സൃഷ്ടിയെ ഉണ്ടാക്കുക സാദ്ധ്യമല്ല; കാരണം, യാതൊരു സ്ഥാനമാഹാത്മ്യവും ദൈവമാതാവിന്റെ സ്ഥാനഔന്നത്യത്തിനു് ഉപരിയായിട്ടുള്ളതല്ല." അതിനാൽ നമ്മുടെ നാഥ സകല സ്വർഗ്ഗീയഗണങ്ങളേക്കാൾ ഉയർന്നവളാണു്; മാത്രമല്ല, ദൈവകുമാരൻ

കഴിഞ്ഞാൽ ദൈവസിംഹാസനത്തോട്ട് ഏറ്റവും അടുത്ത സ്ഥാനത്താണ് അവൾ നില്ക്കുന്നതു്. ഈ മഹത്തായ സ്ഥാനത്തു നിന്നുകൊണ്ടു് നമ്മുടെ അപേക്ഷകൾ അവൾ പിതാവായ ദൈവത്തിനു സമർപ്പിക്കുകയും അനവരതം നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"ദയയുള്ള മാതാവേ, പാപികളുടെ മാധ്യസ്ഥശരണമേ,
പ്രകാശിക്കുന്ന സമുദ്രതാരമേ, കപ്പൽ നാശം വരുന്നവരുടെ തുറമുഖമേ!"

(മൂലത്തിന്റെ ശരിയായ പരിഭാഷ: "നന്മനിറഞ്ഞ മാതാവേ, അധഃപതിച്ചുപോയ ആദത്തിന്റെ മക്കളുടെ ശരണമേ, യാതൊരു കൊടുങ്കാറ്റിനും മാച്ചുകളയുവാൻ സാധിക്കാത്ത പ്രകാശക്കതിരുകൾ വീശുന്ന നക്ഷത്രമേ, കപ്പൽ നാശം ഭവിച്ച ആത്മാവിന്റെ തുറമുഖമേ!")

മനോഹരമായ ഒരു സ്തോത്രഗീതത്തിൽ നമ്മുടെ നാഥയെ സമുദ്രതാരമായി തിരുസ്സഭ അഭിവാദനം ചെയ്യുന്നുണ്ടു്. നാമാകട്ടെ, കപ്പൽ നഷ്ടപ്പെട്ട നിസ്സഹായരായ നാവികരേപ്പോലെ, ജീവിതമാകുന്ന പ്രക്ഷുബ്ധസമുദ്രത്തിൽ കിടന്നലയുകയും, പ്രലോഭനങ്ങളാകുന്ന കാറ്റുകളും പ്രതികൂലങ്ങളാകുന്ന ശക്തിയേറിയ തിരമാലകളും കൊണ്ടു് വലയുകയും ചെയ്യുന്നവരാണു്. ഒരു നാവികനു തന്റെ ഗതി നിർണ്ണയിക്കുവാൻ സഹായകമായി, അന്ധകാരപൂർണ്ണമായ മേഘങ്ങളുടെ ഇടയിൽക്കൂടി ഒരു നക്ഷത്രത്തിന്റെ പ്രകാശപ്രവാഹം പ്രത്യക്ഷപ്പെട്ടാലോ എന്തു സന്തോഷമാണുണ്ടാകുക. അതുപോലെ നമ്മെ നയിക്കുന്ന പ്രകാശമാണു്—നമ്മുടെ അന്ത്യവിശ്രമസ്ഥാനത്തേയ്ക്കു് സുരക്ഷിതമായി നമ്മെ നയിക്കുവാൻ അന്ധകാരത്തെ തുളച്ചു കടന്നുവരുന്ന രജതപ്രഭയാണു്—നമ്മുടെ അമ്മ. കാർഡിനൽ ന്യൂമാൻ പറയുന്നു: "ഓ മറിയമെ, സത്യമായും നീയൊരു നക്ഷത്രമാണു്. ബുദ്ധിമാന്മാരും വിജ്ഞാനികളും മനുഷ്യരെ നീതി അഭ്യസിപ്പിക്കുന്നവരും എന്നന്നേയ്ക്കും നക്ഷത്രങ്ങളെ

പ്പോലെ പ്രശോഭിക്കുമെങ്കിൽ, സഭയുടെ ദൂതന്മാർ മിശിഹായുടെ കരങ്ങളിലെ താരകങ്ങൾ എന്നു വിളിക്കപ്പെടുന്നുണ്ടെങ്കിൽ, സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്ന വിശുദ്ധന്മാരെല്ലാം മഹത്വത്തിൽ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്ന നക്ഷത്രങ്ങളെപ്പോലെയാണെങ്കിൽ, നിസ്സന്ദേഹം മറിയത്തെ സമുദ്രതാരം എന്നു വിളിക്കാവുന്നതാണ്." അതിനാൽ വിശുദ്ധ ബർണ്ണാർദ് നമ്മെ ഇപ്രകാരം ഉത്ബോധിപ്പിക്കുന്നു: "പ്രലോഭനമാകുന്ന കൊടുങ്കാറ്റ് അടിക്കുവാൻ തുടങ്ങുന്നെങ്കിൽ, ക്ലേശങ്ങളാകുന്ന കരിമ്പാറകളിൽ ഭയാനകമായി പ്രത്യക്ഷപ്പെടുന്നെങ്കിൽ, ആ നക്ഷത്രത്തിലേയ്ക്ക് നിങ്ങളുടെ നയനങ്ങളെ തിരിക്കുക, മറിയത്തെ വിളിക്കുക. എന്തുകൊണ്ടെന്നാൽ, ഈ ലോകമാകുന്ന വിശാലവും പ്രക്ഷുബ്ധവും ആയ ആഴിപ്പരപ്പിൽ പ്രകാശം പരത്തുന്ന ശോഭയേറിയതും മനോഹരവുമായ നക്ഷത്രമാണ് അവിടുന്ന്."

> "തുറന്നിരിക്കുന്ന സ്വർഗ്ഗവാതിലേ, രോഗികളുടെ സ്വസ്ഥതയേ, നീ വഴിയായി ഞങ്ങൾ പരിശുദ്ധരുടെ വസതിയിൽ സ്വർഗ്ഗരാജനെ കാണുമാറാകട്ടെ."

(എന്നാൽ മൂലകൃതിയിൽ കൊടുത്തിരിക്കുന്നത്, "വിശുദ്ധസ്ഥാനത്തിന്റെ വാതിലും, പാപത്താൽ ഞെരുക്കപ്പെടുന്നവരുടെ ശക്തിയുമായ നീ വഴി അവസാനം ഞങ്ങളും പരിശുദ്ധരുടെ വസതിയിൽ നിത്യമായി ദൈവത്തെ ദർശിക്കുമാറാകട്ടെ" എന്നാണ്.)

അവസാനത്തെ ഈ പദ്യം ചെറിയ ഒപ്പീസിനു് ഏറ്റം അനുയോജ്യമായ ഒരുപസംഹാരമാണ്; കാരണം, നാം ഈ ജീവിതത്തിൽനിന്നും നിത്യതയിലേയ്ക്കു കടക്കുന്ന ഭയാവഹമായ ആ മണിക്കൂറിൽ നമ്മോടുകൂടി ഉണ്ടായിരിക്കുന്നതിനും നമ്മെ സഹായിക്കുന്നതിനും വേണ്ടി നമ്മുടെ അമ്മയോടുള്ള അവസാന പ്രാർത്ഥനയാണിതു്. മറിയത്തിന്റെ നേരെയുള്ള ഭക്തിയും അവിടത്തെ മാദ്ധ്യസ്ഥ്യശക്തിയിലുള്ള വിശ്വാസവും നിത്യജീവന്റെ ഏറ്റവും ഉറപ്പുള്ള യാശാനമാണ്. ജീവിതകാലത്തു് അവിടത്തെ സ്നേഹിച്ചു, അവിട

ത്തോട്ട വിശ്വസ്തരായിരുന്ന അവിടത്തെ മക്കളാരും നശിച്ചുപോകുവാൻ ഇടയാവുകയില്ല. അവിടത്തെ സഹായത്തിന്റെ മാത്രമല്ല, തന്റെ മക്കളുടെ മരണക്കിടക്കയ്ക്കു സമീപം യഥാർത്ഥത്തിൽ അവിടുന്നു സന്നിഹിതയായിട്ടുള്ളതിന്റേയും വിസ്മയാവഹങ്ങളായ അസംഖ്യം ഉദാഹരണങ്ങൾ ചരിത്രത്തിന്റെ പേജുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഭിർഘുകാലം വടക്കെ അമേരിക്കയിലെ ഇൻഡ്യാക്കാരുടെ ഇടയിൽ ജോലിചെയ്ത ഫാദർ ഡെസ്മെറേറിന്റെ ജീവചരിത്രത്തിൽ ഇങ്ങനെ ഒരു സംഭവം നടന്നതായി നാം വായിക്കുന്നുണ്ട്. പന്ത്രണ്ടു വയസ്സുള്ള ഒരു ഇൻഡ്യൻ ബാലികയുടെ കഥയാണത്. തന്റെ മരണസമയത്ത് അവൾ ഇപ്രകാരം ഉച്ചത്തിൽ വിളിച്ചു പറയുകയുണ്ടായി: "എന്തു ഭംഗി! എത്രയോ മനോഹരം! സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതു ഞാൻ കാണുന്നു. അങ്ങോട്ടു ചെല്ലുവാൻ ദൈവത്തിന്റെ മാതാവ് എന്നെ വിളിക്കുകയാണ്." അനന്തരം കിടക്കയ്ക്കു ചുറ്റും നിൽക്കുന്നവരോടായി അവൾ തുടർന്നു: "കരുത്തകൃപായമന്നിഞ്ഞ ആ മനുഷ്യർ പറയുന്നതു നിങ്ങൾ ശ്രദ്ധിക്കുക; എന്തുകൊണ്ടെന്നാൽ അവർ പറയുന്നതു സത്യമാണ്." തിരുസ്സഭയുടെ ഒരു വിശ്രുതമല്ലാത്ത വി. അൽഫോൻസിന്റെ വാക്കുകൾ കൂടി കേട്ടാലും: "ഈ നല്ല അമ്മ, അവിടത്തെ വിശ്വസ്തദാസന്മാരെ അവരുടെ പീഡകളിൽ പ്രത്യേകിച്ച് മരണസമയത്തു പരിത്യജിക്കുകയില്ല. അവരുടെ മരണനേരത്തു അവിടുന്ന് അവരുടെ ആശ്വാസമായിരിക്കും."

ഈ ചെറിയ ഒപ്പീസു ചൊല്ലുന്നതിൽ വീഴ്ചവരുത്തിയിട്ടില്ലാത്തവരെ, അവിടത്തെ സ്ഥാനമഹാത്മ്യത്തിന്റെയും വരങ്ങളുടെയും വിശിഷ്ടമായ ഈ ലുത്തിനിയാ — സ്തുതിയുടെ ഈ സ്വർണ്ണമാല്യം — അനുദിനം അവിടത്തേയ്ക്ക് അർപ്പിച്ചിട്ടുള്ളവരെ നമ്മുടെ അനുഗ്രഹിതയായ മാതാവ് ഒരിക്കലും വിസ്മരിക്കുകയില്ലെന്ന തീർച്ചയായും നമുക്കു ശരണപ്പെടാം.

"മറിയമേ, നിൻെറ തിരുനാമം ചിന്തപ്പെട്ട സുഗന്ധ തൈലം പോലെയാകുന്നു. നിൻെറ മക്കൾ നിന്നെ അധികമായി സ്നേഹിച്ചു"—

എന്ന വാക്യവും പ്രതിവാക്യവും പാട്ടുകളുടെ പാട്ടിൽനിന്നും (1/2) എടുത്തിട്ടുള്ളതാണ്. സാന്ത്വനവും സൗഖ്യവും അരുളുവാൻ മറിയനാമത്തിനുള്ള ശക്തിയെ ഇതു വ്യക്തമാക്കുന്നുണ്ട്. അവിടുത്തെ മക്കളുടെ ആത്മാക്കളിൽ ചിന്തപ്പെട്ടുന്ന അവിടുത്തെ നാമം വിശ്വാസിയുടെ മാധുര്യമുള്ള സൗരഭ്യംകൊണ്ട് അവരെ നിറയ്ക്കുകയും ബലഹീനതയിൽ ശക്തി പകരുകയും ഇരുട്ടിൽ അവരെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. വി. ബൊനവന്തുരാ ഉത്ഘോഷിക്കുകയാണ്: "ഓ മറിയമേ, ഏറ്റം മഹത്വപൂർണ്ണയായ നിൻെറ നാമം ഒന്നുച്ചരിക്കുന്നതുതന്നെ ഏറ്റം ഫലദായകമായിരിക്കുമ്പോൾ അ നാമം എങ്ങനെ പ്രകീർത്തിക്കപ്പെടാതിരിക്കും?"

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

SODALITY PU

★

CMI Works
00014964
K100 M31

1.	The Director	
2.	സൊഡാലിറ്റിയുടെ ഏ ബി സി	0—35
3.	A Sodality Plan	0—30
4.	മരിയാസഖ്യചരിത്രം	0—30
5.	Sodality of our Lady: How It Operates	0—35
6.	സൊഡാലിറ്റി മാന്വൽ	0—35
7.	മരിയാസഖ്യപ്രവേശനത്തിനു മുമ്പ്	0—10
8.	സഖ്യാംഗധ്യാനസഖി	0—05
9.	മരിയാസഖ്യങ്ങളുടെ ആദർശങ്ങളും മാതൃകകളും	0—15
10.	ജൂനിയർ സൊഡാലിറ്റി ഗൈഡ്	0—35
11.	സൊഡാലിറ്റി ഒപ്പീസിന്റെ ഒരു വിശദീകരണം	0—45

Write to:-

R. KALLINGAL,
P. O. THALORE, OLLUR.

Any financial profit from the sale of these book-lets will be used for the advancement of Sodality Movement.

UNION PRESS, MARIAPURAM, TRICHUR-5.

CMI W
K
BANG
M
DHARMA